# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 28 | ലക്കം 20 | പേജ് 6 | 2022 ആഗസ്റ്റ് 15



2 ഒപ്പീസും ഒപ്പീരും

3 നൂറ്റാണ്ടിന്റെ ഇതിഹാസം

4 ബിഷപ്പ് ഡോ. ചാൾസ് ലവീഞ്ഞും ജോസഫ് മാർ ദീവന്നാസിയോസ മെത്രാപ്പോലീത്താ

5 മലങ്കരസഭയുടെ പോക്ക് എങ്ങോട്ട്


## വിശുദ്ധ സൈത്ത് കൂദാശ നടന്നു

കോട്ടയം : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ വിശുദ്ധ കൂദാശകൾക്കായി ഉപയോഗിക്കുന്ന തൈലമായ വിശുദ്ധ സൈത്ത് ദേവലോകം അരമന ചാപ്പലിൽ പ.കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ വാഴ്ത്തി തയ്യാറാക്കി.

വി.സൈത്ത് കൂദാശയ്ക്ക് കുറിയാക്കോസ് മാർ ക്ലിമ്മീസ്, സഖറിയാ മാർ അന്തോണിയോസ്, ഡോ.ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, മാത്യൂസ് മാർ തേവോദോസിയോസ്, ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ്, അലക്സിയോസ് മാർ യൗസേബിയോസ്, ഡോ.ജോഷ്വാ മാർ നിക്കോദിമോസ്, ഡോ.ഗീവർഗീസ് മാർ തെയോഫിലോസ്, ഗീവർഗീസ് മാർ പീലക്സിനോസ്, ഗീവർഗീസ് മാർ പക്കോമിയോസ്, ഡോ.ഗീവർഗീസ് മാർ ബർന്നബാസ്, സഖറിയാ മാർ സേവേറിയോസ് എന്നീ പിതാക്കന്മാർ സഹകാർമ്മികരായിരുന്നു. രാവിലെ ആറിന് പ്രഭാത നമസ്ക്കാരത്തോടെ ആരംഭിച്ച ശുശ്രൂഷ വി.കുർബ്ബാനയോടെ സമാപിച്ചു.

## ഗ്രീഗോറിയൻ ദർശനങ്ങൾ എക്കാലവും പ്രസക്തം : ഡോ. ഇസബെൽ അപ്പോവോ പീറി

കോട്ടയം : വിശ്വശാന്തിക്കും മാനവ ഐക്യത്തിനുമായി ആഗോള തലത്തിലെ സജീവ ക്രൈസ്തവ സാന്നിദ്ധ്യമായിരുന്ന പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ദർശനങ്ങൾ എക്കാലവും പ്രസക്തമാണെന്ന് അഖില ലോക സഭാകൗൺസിലിന്റെ ഡപ്യൂട്ടി ജനറൽ സെക്രട്ടറി ഡോ.ഇസബെൽ അപ്പോവോ പീറി പറഞ്ഞു.

ഡോ.പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ജന്മശതാബ്ദി അന്തർദേശീയ വേദശാസ്ത്ര സെമിനാർ ഓൺലൈനിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ഡോ.ഇസബെൽ.

ശാസ്ത്രവും സാങ്കേതികതയും നീതിക്കും ദരിദ്രജനതയുടെ ശാക്തീകരണത്തിനുമായി തീരണമെന്ന് പഠിപ്പിച്ച മാർ ഗ്രീഗോറിയോസ് ആഗോള സഭാ ഐക്യവേദിയിലെ നീതിയുടെ ശബ്ദമായിരുന്നു എന്നും ഡോ.ഇസബെൽ പറഞ്ഞു.

പ.ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു. മലങ്കരസഭയുടെ മഹത്വവും സാന്നിധ്യവും ലോക ക്രൈസ്തവ വേദികളിൽ എത്തിച്ച ഡോ.പൗലോസ് മാർ ഗ്രീഗോറിയോസ് യുഗപുരുഷനായിരുന്നു എന്ന് പ.ബാവാ പറഞ്ഞു.

ഏബ്രഹാം മാർ സ്തേഫാനോസ്, തോമസ് മാർ ഈവാനിയോസ്, ഡോ.ഗീവർഗീസ് മാർ ബർന്നബാസ്, സഖറിയാ മാർ സേവേറിയോസ്, പ്രിൻസിപ്പൽ ഫാ.ഡോ.റെജി മാത്യു, റവ. ഡോ.ലൂക്കോസ് പീപ്പർ (ജർമ്മനി), റവ.സാം കോശി, ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ എന്നിവർ പ്രസംഗിച്ചു. പൗലോസ് മാർ ഗ്രീഗോറിയോസ് രചിച്ച പുസ്തകങ്ങൾ, ലേഖനങ്ങൾ എന്നിവയുടെ സൂചികയായ ബിബ്ലിയോഗ്രഫിക്കൽ സോഴ്സ് മെറ്റീരിയൽസ് എന്ന ഗ്രന്ഥം തോമസ് മാർ ഈവാനിയോസ് പ്രകാശനം ചെയ്തു.

## സത്യത്തിനുവേണ്ടി ശബ്ദിക്കുന്നതാണ് യഥാർത്ഥ ആത്മീയത : മാർ സേവേറിയോസ്

പത്തനംതിട്ട : സത്യത്തിനുവേണ്ടി നിരന്തരം ശബ്ദിക്കുന്നതാണ് യഥാർത്ഥ ആത്മീയതയെന്നും ഭീതിരഹിതമായ മനുഷ്യനുവേണ്ടി നിലകൊള്ളുന്നവരാകണം യുവതലമുറയെന്നും സഖറിയാസ് മാർ സേവേറിയോസ് പറഞ്ഞു.

തുമ്പമൺ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കുമ്പഴ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടത്തിയ സെമിനാർ ഗാന്ധിയൻ ചിന്തകളിലെ ദർശനം യുവജനവീഥികളിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

പരിസ്ഥിതി പ്രവർത്തകൻ സി.ആർ.നീലകണ്ഠൻ, പി.സി.വിഷ്ണുനാഥ് എം.എൽ.എ., നഗരസഭാ അദ്ധ്യക്ഷൻ ടി.സക്കീർ ഹുസൈൻ, സാമൂഹിക പ്രവർത്തക ദയാഭായി, മലയാള മനോരമ അസിസ്റ്റന്റ് എഡിറ്റർ ബോബി ഏബ്രഹാം, ഭദ്രാസന സെക്രട്ടറി ജോൺസൺ കല്ലിട്ടതിൽ കോർഎപ്പിസ്കോപ്പാ, ഫാ.ജോൺ ഫിലിപ്പോസ്, ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ.എബി ടി.സാമുവൽ, ഫാ.ജിത്തു തോമസ്, സഭാമാനേജിംഗ് കമ്മിറ്റി അംഗം നിധിൻ മണക്കാട്ടുമണ്ണിൽ, ജനറൽ സെക്രട്ടറി എം.ജെ.രഞ്ചു, ജോയിന്റ് സെക്രട്ടറി ലിഡ ഗ്രിഗറി എന്നിവർ പ്രസംഗിച്ചു.

## കോതമംഗലം പള്ളിക്കേസ് സെപ്റ്റംബർ 19ന് പരിഗണിക്കും

കോതമംഗലം : കോതമംഗലം മാർത്തോമ്മൻ ചെറിയപള്ളിയിൽ സുപ്രീംകോടതിവിധി നടപ്പാക്കുന്നത് സംബന്ധിച്ചുള്ള കേസ് പരിഗണിക്കുന്നത് സെപ്റ്റംബർ 11-ലേക്ക് മാറ്റിവെച്ചു. സമൂഹത്തിൽ സമാധാനം വേണമെന്നും പള്ളികളിൽ സമാധാനാന്തരീക്ഷം നിലനിൽക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും കോടതി ആവശ്യപ്പെട്ടു. പള്ളികളിൽ വ്യക്തമായ ഭൂരിപക്ഷം യാക്കോബായ സഭാംഗങ്ങൾക്കുണ്ടെങ്കിൽ അവരുടെ ആത്മീയ കാര്യങ്ങൾക്കായി ആ സഭയിൽനിന്ന് വികാരിമാരെ നിയമിക്കുന്നതിനുള്ള സാധ്യതയും കോടതി ആരാഞ്ഞു.

## ധൂപക്കുറ്റി വിശേണ്ടത് എപ്പോഴൊക്കെയാണ്?


ഡോ.പൗലോസ് മാർ ഗ്രീഗോറിയോസ്

### ധൂപക്കുറ്റിയുടെ അർത്ഥം എന്താണ്?

ധൂപക്കുറ്റി സഭയുടെ പ്രതീകമാണ്. സ്വർഗ്ഗവും ഭൂമിയും ക്രിസ്തുവിൽ ഒന്നാകുന്നതാണ് സഭ. ധൂപക്കുറ്റിയുടെ താഴത്തെ പാത്രം ഭൂമിയുടെയും മുകളിലത്തേത് സ്വർഗ്ഗത്തിന്റെയും പ്രതീകമാണ്. അതിലെ കരി പാപം നിറഞ്ഞ മനുഷ്യവർഗ്ഗത്തെയും അഗ്നി മനുഷ്യാവതാരം ചെയ്ത ദൈവമായ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെയും കുറിക്കുന്നു. അതിന്റെ നാലു ചങ്ങലകൾ ലോകത്തിന്റെ നാലു ദിക്കുകളെ, അതായത് സൃഷ്ടിയുടെ എല്ലാ ഭാഗത്തെയും കുറിക്കുന്നു. 12 മണികൾ 12 അപ്പോസ്തോലന്മാരുടെ സാന്നിദ്ധ്യത്തിന്റെയും അവരുടെ പ്രഖ്യാപന ശബ്ദത്തിന്റെയും പ്രതീകമാണ്. അതിൽനിന്ന് ഉയരുന്ന സൗരഭ്യധൂപം മനുഷ്യരുടെ സൽപ്രവർത്തികളെയും ആരാധനയെയും പ്രാർത്ഥനയെയും സൂചിപ്പിക്കുന്നു.

### ധൂപക്കുറ്റി വിശേണ്ടത് എപ്പോഴൊക്കെയാണ്?

സഭയുടെ പൊതുവായ പ്രാർത്ഥനകളിലാണ് ധൂപക്കുറ്റി വീശേണ്ടത്. വാങ്ങിപ്പോയവരുടെയും ജീവനുള്ളവരുടെയും ഒരുമിച്ചുള്ള പ്രാർത്ഥനയെയും ബലി കാഴ്ചകളെയുമാണല്ലോ ധൂപം സൂചിപ്പിക്കുന്നത്. പ്രധാനമായും ധൂപം വീശേണ്ടത് സഭയുടെ പരിശുദ്ധ രഹസ്യങ്ങൾ (കൂദാശകൾ എന്ന് തെറ്റായി പറയുന്നത്) അനുഷ്ഠിക്കുന്ന സമയങ്ങളിലും രാവിലെയും വൈകിട്ടുമുള്ള സഭയുടെ പൊതുവായ പ്രാർത്ഥനകളിലുമാണ്.



വിശുദ്ധ ഏവൻഗേലിയോൻ സഭയിൽ വായിക്കുന്ന സമയത്തും, ലേഖനങ്ങൾ വായിക്കുന്ന സമയത്തും സഭ പ്രാർത്ഥനയോടെ ദൈവവചനം ശ്രദ്ധിക്കുന്നു എന്നതിന്റെ സൂചനയായി ധൂപം വീശുന്നു. സെദ്റ വായിക്കുന്ന സമയത്തും എത്രായുടെ സമയത്തും വിശ്വാസപ്രമാണത്തിന്റെ സമയത്തും പ്രാർത്ഥന തീരുന്നതുവരെ ധൂപക്കുറ്റി വീശിക്കൊണ്ടിരിക്കണം. കുക്കിലിയോന്റെ സമയത്ത് ധൂപം വീശുന്നത് എല്ലാ കുക്കിലിയോനിലും കാണുന്ന ശെമ്മാശ്ശന്റെ സ്തൗമൻകാലോസും ജനങ്ങളുടെ കുറിയേലായിസോനും കഴിഞ്ഞ് പ്രുമിയോനും സെദ്റായും വരുന്നതുകൊണ്ടാണ്. എന്നാൽ ഇന്ന് പ്രുമിയോനും സെദ്റായും കൂടാതെ കോലോകൾ മാത്രം ചൊല്ലുന്ന പതിവ് തെറ്റാണ്. ഒരു കുക്കിലിയോൻ എന്നു പറയുന്നത് പ്രാർത്ഥനകളുടെ ഒരു സൈക്കിൾ ആണ്. അതിൽ ഉണ്ടായിരിക്കേണ്ടത് താഴെപ്പറയുന്ന അംശങ്ങളാണ്.

1. പ്രാരംഭഗീതം (ഉദാഹരണം : നിന്നാൽ സ്തുതിയൊടു രാജമകൾ)

2. ത്രിത്വവന്ദനം (ശുബ്ഹോ)

3. പ്രുമിയോൻ സെദറായ്ക്ക് മുമ്പുള്ള എക്ബോ (ഉദാഹരണം : ഭക്തർപുകഴ്ചാ ഭാജനമേ)

4. ശെമ്മാശ്ശന്റെ സ്തൗമൻ കാലോസ് (പ്രാർത്ഥനയ്ക്കായി നല്ലവണ്ണം നിൽക്കുവാനുള്ള ആഹ്വാനം)

5. ജനങ്ങളുടെ കുറിയേലായിസോൻ (കർത്താവേ കൃപ ചെയ്യണമേ)

6. പ്രുമിയോൻ - സെദ്റാ (ഈ സമയത്ത് ധൂപക്കുറ്റി വീശണം)

7. ധൂപാനന്തര കോലാകൾ (ധൂപം വീശിപടിഞ്ഞാറുവരെ എല്ലാ ജനങ്ങൾക്കും സഭയുടെ ധൂപപ്രാർത്ഥനയിൽ പങ്കെടുക്കുന്നതിനുവേണ്ടിയാണ് ഈ കോലാകൾ ചേർത്തിട്ടുള്ളത്). ആദ്യത്തെ കോലോ കഴിഞ്ഞ് ശുബ്ഹോ ചൊല്ലണം.

8. മൊറിയോ റാഹേം അലൈൻ (കർത്താവേ ഞങ്ങളുടെമേൽ കൃപ ചെയ്യണമേ)

9. എത്രോ അല്ലെങ്കിൽ ധൂപപ്രാർത്ഥന (ഈ സമയത്തും ധൂപം വീശണം)

10. ധൂപാനന്തരമുള്ള സമാപന എക്ബോ (ഉദാഹരണം : മോറോനീശോ കുരിശും നിൻ)

### ആരാണ് ധൂപം വീശേണ്ടത്?

ധൂപം വീശുകയെന്നത് സഭയുടെ പൊതുവായ ഒരു പ്രവർത്തിയാകകൊണ്ട് മെത്രാപ്പോലത്തായാണ് ധൂപം വീശേണ്ടത്. അദ്ദേഹത്തിന്റെ അനുമതിയോടുകൂടി അദ്ദേഹത്തിനുവേണ്ടി കശീശായ്ക്കും ശെമ്മാശ്ശനും രണ്ടുമില്ലെങ്കിൽ ശുശ്രൂഷക്കാരനും ധൂപം വീശാം. ധൂപം വീശുന്നത് ശുശ്രൂഷക്കാരന്റെ ചുമതലയായി കരുതുന്നത് തെറ്റാണ്. ശെമ്മാശ്ശന്മാരില്ലാത്ത സമയത്തേ അത്മായക്കാരനായ ശുശ്രൂഷക്കാരൻ ധൂപം വീശാവൂ.

ഒരിടവകപള്ളിയിൽ രാവിലെയും വൈകിട്ടും പ്രാർത്ഥിക്കുമ്പോൾ ധൂപം വീശണോ?

വേണം. ഒരു പള്ളിയെന്നു പറയുന്നത് സഭയുടെ പൊതുവായ ആരാധനാലയമാണ്. അവിടെ യെരുശലേം ദേവാലയത്തിലെന്നപോലെ എല്ലാദിവസവും മുടങ്ങാതെ രാവിലെയും വൈകിട്ടും ധൂപംവെച്ച് പ്രാർത്ഥന നടത്തി, സഭയുടെ ധൂപബലി പരിശുദ്ധ ബലിപീഠത്തിങ്കൽ അർപ്പിക്കുകയെന്നത് സഭയുടെ കടമയാണ്. കശീശന്മാർ പള്ളിയിൽ താമസിക്കണമെന്നു പറയുന്നതിന്റെ ഒരുദ്ദേശം മുടങ്ങാതെ ദിവസവും ധൂപബലി അർപ്പിക്കുകയെന്നതാണ്.

# ഒപ്പീസും ഒപ്പീരും....

**(2013 ജൂൺ ലക്കം അസ്സീസിയിൽ ഇടിയും മിന്നലും എന്ന പംക്തിയിൽ ഫാ.ജോസ് വെട്ടിക്കാട്ട് കപ്പൂച്ചിൻ എഴുതിയ ലേഖനമാണ് താഴെ കൊടുക്കുന്നത്)**

സങ്കീർത്തിയിൽ വച്ചായിച്ചിരുന്നു വികാരിയച്ചനുമായി അങ്ങനെയൊരു ധാരണയിലെത്തിയത്; കുർബ്ബാന കഴിഞ്ഞ് സെമിത്തേരിയിൽ വേറെയും ഒപ്പീസുണ്ട്. അതുംകൂടെ ഞാൻ നടത്തിക്കൊടുക്കണം. എന്റെ ഒരുപകാരിയുടെ അമ്മ മരിച്ചതിന്റെ ഓർമ്മയാചരണത്തിന് കുർബ്ബാനയ്ക്കു ചെന്നപ്പോളായിരുന്നു അവിടുത്തെ വികാരിയച്ചന്റെ ഈ നിർദ്ദേശം. അന്നദ്ദേഹത്തിനെവിടെയോ അത്യാവശ്യയാത്ര ഉണ്ടായിരുന്നതുകൊണ്ട് കുർബ്ബാന കഴിയുന്നുടനെ പോകാൻവേണ്ടിയാണ് ഇങ്ങനെയൊരു സഹായമെന്നോടു ചോദിച്ചത്.

കുർബ്ബാന കഴിഞ്ഞ് കപ്യാരുടെകൂടെ സെമിത്തേരിയിലേക്കു പോകുന്നവഴി കപ്യാരു പറഞ്ഞു

“അച്ചാ, നമ്മടേതുകൂടാതെ വേറെ ആറ് ഒപ്പീസുകൂടെയുണ്ട്. അതുംകൂടെ അച്ചൻ ചൊല്ലിക്കൊള്ളുമെന്നു പറഞ്ഞിട്ടാ വികാരിയച്ചൻ പോയത്”.

ഷോക്കടിച്ചതുപോലെയായിപ്പോയി. ഉടനെ തന്നെ മരിച്ചയാളിന്റെ വീട്ടിൽ ‘മന്ത്രാ’ പ്രാർത്ഥനയുള്ളതാണ്. ഒരൊപ്പീസുചൊല്ലാൻ തന്നെ സാധാരണ പത്തുമിനിറ്റെടുക്കും. എത്രയങ്ങോട്ട് സ്പീഡിൽ ചൊല്ലിയാലും ആറേഴുമിനിറ്റുവേണ്ടിവരും. ഏഴെണ്ണം തീരുമ്പോൾ മുക്കാൽ മണിക്കൂർ!!

“അതൊരുമാതിരി ഒപ്പീരായിപ്പോയല്ലോ കപ്യാരച്ചാ”. മനസ്സിലാണതു പറഞ്ഞതെങ്കിലും അതിന്റെ ഏതാണ്ടൽപം പുറത്തുവന്നെന്നു തോന്നുന്നു. കപ്യാര് അതുകേട്ടിട്ടോ അതോ എന്റെ നടപ്പിന്റെ സ്പീഡു പെട്ടന്ന് കൂട്ടിയതുകൊണ്ടോ എന്റെയൊപ്പം നടന്നെത്തി എന്നെ ആശ്വസിപ്പിക്കാൻ പറഞ്ഞു.

“സാരമില്ലച്ചാ നമുക്കു പെട്ടെന്നു തീർക്കാം”.

കപ്യാരുടെ പറച്ചിലു കേട്ടപ്പോൾതോന്നി ഒരെണ്ണം ഞാൻ ചൊല്ലിയാൽ മതി ബാക്കി അങ്ങേരു ചൊല്ലിക്കോളുമെന്ന്. സെമിത്തേരിയിലെത്തിയപ്പോൾ പല കല്ലറകളിലും തിരീം കത്തിച്ച് ആൾക്കാര് നിൽപുണ്ട്. ആൾക്കാരെല്ലാം എത്താൻ കാത്തുനിൽക്കാതെ കപ്യാര് പ്രാർത്ഥനയ്ക്കു തുടക്കമിട്ടു. ന്യായമായ സ്പീഡിൽ ആ ഒപ്പീസ് ചൊല്ലിത്തീർത്ത് ആമ്മേൻ പറയുന്നതിനു മുൻപുതന്നെ കപ്യാരു തിരിക്കാലും കുരിശുമെടുത്തോണ്ടോടി, ആൾക്കാരു കാത്തുന്ന അടുത്ത കുഴിമാടത്തിലെത്തി. പുറകെ ഓടിയെത്തി, അല്പം സ്പീഡുകൂട്ടി ആ ഒപ്പീസും തീർത്ത് അടുത്തിടത്തേയ്ക്കു പോകുന്ന വഴി കപ്യാരു പറഞ്ഞു:

“അച്ചാ മുഴുവൻ പ്രാർത്ഥനയും എല്ലാടത്തും ചൊല്ലണമെന്നില്ല. അവസാനത്തെ പ്രാർത്ഥനമാത്രം ചൊല്ലി വെള്ളം തളിച്ചാലും മതി, ഇവിടിങ്ങനാ”.

“ഇതൊരൊപ്പീസല്ലേ കപ്യാരച്ചാ, ഒപ്പീരല്ലല്ലോ...”

“എന്നാപ്പിന്നെ അച്ചന്റിഷ്ടം”

അടുത്ത കല്ലറയിൽ പ്രാർത്ഥന തുടങ്ങിയപ്പോൾതന്നെ അവിടെനിന്നിരുന്നവരു പലരും സ്ഥലംവിടുന്നതു കണ്ടപ്പോൾ പന്തികേടുതോന്നി.

അതുംതീർത്ത് അടുത്തിടത്തു ചെല്ലുമ്പോൾ കത്തുന്ന തിരിമാത്രം. ആൾക്കാരെല്ലാം പോയിക്കഴിഞ്ഞിരുന്നു. തിരിക്കാലും, മരക്കുരിശും, കപ്യാരും, പിന്നെ ഞാനും മാത്രം. ഇതുംകൂട്ടി ഇനീം ബാക്കിയുള്ള നാലെണ്ണം ഞാനും കപ്യാരും തന്നെ ചൊല്ലണം!! കപ്യാരു പ്രാർത്ഥന തുടങ്ങീട്ടും ഞാൻ വാതുറക്കാതെ നിന്നതുകൊണ്ട് കപ്യാരു ചുമച്ചു ശബ്ദമുണ്ടാക്കി എന്നിട്ടും ശ്രദ്ധിക്കാതെ ഞാനുറക്കെച്ചിരിക്കുന്നതുകൂടെ കേട്ടപ്പോൾ കപ്യാരു വിളിച്ചു

“അച്ചാ.....”

“ആ ഹന്നാൻവെള്ളക്കുപ്പിയിങ്ങുതാ കപ്യാരച്ചാ.....”

കപ്യാരു നേരത്തെ പറഞ്ഞുതന്നതുപോലെ അവസാനത്തെ പ്രാർത്ഥനപോലും ചൊല്ലാൻ പോയില്ല. അവിടംമുതലു താഴേയ്ക്കുണ്ടായിരുന്ന എല്ലാ കല്ലറേലും അങ്ങു തളിച്ചു. വെള്ളംതീർന്നപ്പോൾ ഊറാലേം ഊരിപ്പിടിച്ചു സെമിത്തേരിക്കു പുറത്തേക്കു നടന്ന എന്റെ പുറകെയെത്താൻ എന്നെക്കാളും പ്രായമുണ്ടായിരുന്ന കപ്യാർ ഒടേണ്ടിവന്നു കാണും.

“ഇങ്ങനൊരു പരിപാടി ആദ്യമാ” കിതയ്ക്കുന്ന കപ്യാർ

“ഞാനും ആദ്യമായിട്ടാ കപ്യാരച്ചാ ഇങ്ങനൊരു പരിപാടി”. ഞാനും വിട്ടില്ല.

“അച്ചനോടു ഞാനാദ്യമേതന്നെ പറഞ്ഞതായിരുന്നല്ലോ അവസാനത്തെ പ്രാർത്ഥനേം ചൊല്ലി വെള്ളം തളിച്ചാൽ മതിയെന്ന്”

“അതത്ര ശരിയാണെന്നെനിക്കന്നേരം തോന്നിയില്ല കപ്യാരുചേട്ടാ”

“വികാരിയച്ചനും ആദ്യമൊക്കെ അങ്ങനെ തോന്നിയതാ. പറ്റാഞ്ഞിട്ടാ ഇങ്ങനാക്കിയത്. മിക്ക ദിവസോം സെമിത്തേരിയിൽ ഒന്നുരണ്ട് ഒപ്പീസ് എങ്കിലും കാണും ശനിയാഴ്ചയാണേൽ ഇന്നത്തെപ്പോലെ അതിലും കൂടുതലും കാണും. നിത്യസഹായ മാതാവിന്റെ നൊവേനേം കഴിഞ്ഞ് അഞ്ചാറ് ഒപ്പീസുംകൂടെയാകുമ്പോൾ നേരം ഒത്തിരി വൈകുന്നതുകൊണ്ട് ആൾക്കാരു തന്നെ കണ്ടുപിടിച്ച സൂത്രപ്പണിയാണിത്. ഒന്നോ രണ്ടോ ഒപ്പീസിൽ കൂടുതലുള്ളപ്പോൾ അച്ചൻ സെമിത്തേരിയുടെ നടുക്കുചെന്നു നിന്ന് ഒപ്പീസിന്റെ പ്രാർത്ഥന ചൊല്ലും. അവസാനത്തെ പ്രാർത്ഥന മാത്രം ആൾക്കാരുകാത്തുനിൽക്കുന്ന ഓരോ കുഴിമാടത്തിലും ചെന്നുചൊല്ലി ഹന്നാൻവെള്ളോം തളിച്ച് അവസാനിപ്പിക്കും. എല്ലാവർക്കും നേരത്തും കാലത്തും വീട്ടിലും പോകാൻ പറ്റും”.

ഞാൻ പിന്നേം ഉറക്കെ ചിരിച്ചപ്പോൾ കപ്യാരുടെ ചോദ്യം

“അച്ചൻ മുമ്പേ സെമിത്തേരീന്ന് വെള്ളോം തളിച്ചോണ്ടോടുന്നതിനു മുമ്പും ഇതുപോലൊന്നു ചിരിച്ചാരുന്നു. അന്നേരം ഞാനോർത്തു സെമിത്തേരിയല്ലെ വല്ല പ്രേതോം പെട്ടന്ന് കൂടിയതായിരിക്കുമെന്ന്”. കപ്യാരച്ചന്റെ തമാശകേട്ട് അതിലും ഉറക്കെ ചിരിച്ചുപോയി.

“എന്റെ കപ്യാരച്ചാ സത്യത്തിൽ പ്രേതം ചിരിക്കുന്നതു കണ്ടിട്ടുതന്നെയാ ഞാൻ സെമിത്തേരീന്നു ചിരിച്ചത്. ഒപ്പീസു താമസിച്ചതുകൊണ്ട് കാത്തുനിന്നവരൊക്കെ പോയിക്കഴിഞ്ഞ് നമ്മളുരണ്ടും തന്നെ അവിടെ കല്ലറേടടുത്തുനിന്നപ്പോൾ ഞാനോർത്തതെന്താണെന്നോ? അവിടെ ആ കുഴിയിൽ അടക്കിയിരിക്കുന്ന ആൾ ഇപ്പോൾ സ്വർഗ്ഗത്തിലാണെങ്കിലത്തെക്കാര്യമാ. സ്വന്തക്കാരെല്ലാം വിട്ടുപോയിക്കഴിഞ്ഞിട്ടും നമ്മളു രണ്ടുപേരുംകൂടെ അങ്ങേരുടെ കുഴിമാടത്തിൽ നടത്തുന്ന കലാപരിപാടി കണ്ടിട്ട് അങ്ങേരവിടെ സ്വർഗ്ഗത്തിലുള്ള മാതാവിനേം വിശുദ്ധന്മാരേം എല്ലാം വിളിച്ചുകൂട്ടി അക്കാഴ്ചകാണിച്ച് കൈകൊട്ടിച്ചിരിക്കുന്ന ഭാഗം ഭാവനയിൽ കണ്ടപ്പോൾ എനിക്കും ചിരിയടക്കാൻ പറ്റിയില്ല”.

“എന്നാലെനിക്കന്നേരം ചിരിവരാഞ്ഞതിന്റെ കാരണം അച്ചനും കേട്ടോ. ആ പുള്ളിക്കാരൻ സ്വർഗ്ഗത്തിലല്ലെങ്കിലത്തെ കാര്യമാ ഞാനന്നേരം ചിന്തിച്ചത്. അങ്ങേരാക്കുഴീൽ ഇപ്പോഴും കിടപ്പുണ്ടെങ്കിലത്തെ കാര്യം അച്ചനൊന്നോർത്തുനോക്കിക്കേ. അച്ചനാണേൽ പ്രാർത്ഥനപോലും ചൊല്ലാതെയാ പാഞ്ഞുനടന്നു വാശിക്കു വെള്ളം തളിച്ചത്. കഷ്ടം ഇനിയിപ്പം അടുത്തകൊല്ലമെങ്ങാനും ആരെങ്കിലും ഒരൊപ്പീസുചൊല്ലിച്ചെങ്കിലായി”. എനിക്കാ കര്യാരെ പെരുത്തിഷ്ടമായി.

“ആ പോട്ടെ കപ്യാരച്ചാ, നമ്മൾക്കുരണ്ടു പേർക്കും അറിയാൻ മേലാത്ത കാര്യത്തിനാ ഞാൻ ചിരിച്ചതും കപ്യാരച്ചൻ കരഞ്ഞതും. വീട്ടിലെ ‘മന്ത്രാ’യ്ക്കുള്ള സാധനമൊക്കെയെടുത്തോ പോകാം. വീട്ടുകാരു കാത്തിരുന്നു മടുത്തുകാണും”.

രണ്ടുകിലോമീറ്റർ അകലെയുള്ള വീട്ടിൽ പാഞ്ഞെത്തി. വണ്ടിയേന്നിറങ്ങുമ്പോഴേ കണ്ട കാഴ്ച ശരിക്കും വാശിപിടിപ്പിച്ചു. മുറ്റത്തുണ്ടാക്കിയിരിക്കുന്ന പന്തലിലും പെരയ്ക്കകത്തുമെല്ലാം സദ്യകോലാഹലം. കാർന്നോന്മാരൊക്കെ കോഴിക്കാലും കടിച്ചുവലിക്കുന്നതുകൂടെ കണ്ടപ്പോൾ ഞരമ്പുമുറുകി. വീട്ടുകാരൻ ഓടിവന്നു വിശദീകരണവുമായി:

“....അച്ചൻ വരാൻ താമസിച്ചപ്പോൾ എല്ലാവരുംകൂടെപ്പറഞ്ഞു, എന്നാപ്പിന്നെ ഭക്ഷണമങ്ങു കഴിച്ചേച്ചിരുന്നാൽ അച്ചൻ വന്നാലുടനെ ‘കർമോം’ നടത്തിപ്പിരിയാമല്ലോന്ന്”.

“എന്നാപ്പിന്നെ അങ്ങനെതന്നെയാകട്ടെ, സമയമൊട്ടും കളയണ്ടാ, കപ്യാരച്ചാ തിരികത്തിച്ചോളൂ. ‘കർമ്മ’മങ്ങു നടത്തിയേക്കാം”.

“അച്ചാ, ഒരല്പം വെയിറ്റു ചെയ്യണെ, ഒരഞ്ചുമിനിറ്റ് കഴിച്ചോണ്ടിരിക്കുന്നവരൊന്നു തീർന്നിട്ട്...” വീട്ടുകാരന് ടെൻഷനായി.

“അതുകൊള്ളാം നിങ്ങടെ ‘കർമ്മം’ തീരുന്നതുവരെ അമ്മേടെ ‘കർമ്മം’ കാത്തിരിക്കണമെന്ന്. അതുവേണ്ട എനിക്കും അല്പം തിരക്കുണ്ട്. കപ്യാരച്ചാ, മടിക്കേണ്ട തിരികത്തിച്ചോളൂ”. ഞാൻ നേരെ വരാന്തയിൽ അലങ്കരിച്ചു വച്ചിരുന്ന അമ്മച്ചിയുടെ പടത്തിനു മുന്നിലെത്തി.

കപ്യാരു തിരികത്തിച്ചു. ആരാണ്ടൊക്കെ ഓടിവന്നു. ഞാൻ പ്രാർത്ഥനയും തുടങ്ങി. അപ്പോഴത്തെ പന്തലിലെ അവസ്ഥ തിരിഞ്ഞുനോക്കി ഒന്നു കാണാനുള്ള പ്രലോഭനം വല്ലാതായപ്പോഴേയ്ക്കും അത്രയുംകൂടെ ഉച്ചത്തിൽ ഞാൻ പ്രാർത്ഥനയങ്ങു ചൊല്ലി. അവസാനമുള്ള വെഞ്ചരിപ്പിന്റെ ഭാഗമായി ഹന്നാൻവെള്ളം തളിച്ചുതളിച്ചുവന്നപ്പോൾ അപ്പം വായിലും കോഴിക്കാലുകയ്യിലുമായി നിന്നും ഇരുന്നുമൊക്കെ ‘മരിച്ചയാത്മാവിനു വേണ്ടി’ നടത്തുന്ന ‘കർമ്മ’ത്തിൽ പങ്കെടുക്കുന്നവരുടെ കഷ്ടപ്പാടുകണ്ട് ചിരിയടക്കാൻ പാടുപെടുന്നതിനിടയിൽ ഞാൻ പാടിക്കൊണ്ടിരുന്ന പാട്ടിന്റെ വരിതെറ്റിയത് കപ്യാരച്ചൻ വരാന്തേൽ നിന്നോണ്ടു തിരുത്തിപ്പാടി. ‘കർമ്മം’ കഴിഞ്ഞു ഭക്ഷണം കഴിക്കാൻ നിർബന്ധിച്ചെങ്കിലും, കൂടുതൽ അവിടെ നിൽക്കുന്നത് ആത്മാവിനും ശരീരത്തിനും പന്തിയല്ലെന്നു തോന്നിയതിനാൽ എനിക്കിതുവരെയില്ലാത്ത ഒരസുഖത്തിന്റെ പേരുംപറഞ്ഞ് ഒരു വെറും കാപ്പിയിലും ഏത്തപ്പഴത്തിലും കഴിപ്പവസാനിപ്പിച്ചു വേഗം വണ്ടിയിൽക്കയറി. കൂട്ടത്തിൽ കയറിയ കപ്യാരച്ചനു പരിഭവം.

“അടിയന്തിരത്തിനുപോയാൽ സാധാരണ നല്ലയൊരു ശാപ്പാടുറപ്പാ, ഇന്നിപ്പം അതുംപോയി”.

“വെരി വെരി സോറി കപ്യാരുചേട്ടാ, എനിക്കറിയാം ഞാൻ ചെയ്തതു ശരിയല്ലെന്ന്. പക്ഷെ ചില കാര്യങ്ങൾ ഇങ്ങനെയൊക്കെയേ പഠിപ്പിക്കാൻ പറ്റൂ. അറിയാത്തപിള്ളയ്ക്ക് ചൊറിയുമ്പോൾ അറിയും എന്നല്ലേ കാർന്നോന്മാര് പഠിപ്പിച്ചിരിക്കുന്നത്. അവർക്കൊത്തിരിപ്പേർക്കിപ്പോൾ വല്ലാതെ ചൊറിഞ്ഞുതുടങ്ങിയിട്ടുണ്ടാകണം. അച്ചൻ ചെയ്തതു ശരിയായില്ലെന്നു കുറേപ്പോരും, അതല്ല അവരു ചെയ്തതു തെറ്റിപ്പോയെന്ന് വേറെ ചിലരുമൊക്കെ അവിടെ ഇപ്പോൾ തർക്കം തുടങ്ങിയിട്ടുണ്ടാകും. നമ്മളവിടെ നിന്നാൽ അവരുടെ ആ ചൊറിച്ചിലു കുറയും. അതാ ഞാൻ പെട്ടന്നു വിട്ടുപോന്നത്. അവരങ്ങോട്ടു ചൊറിയട്ടെ. പറഞ്ഞും ചൊറിഞ്ഞും അവരുതന്നെ ഒരു തീരുമാനത്തിലെത്തിക്കൊള്ളും”.

“അതും ഒരു കണക്കിന് ഒരൊപ്പീരായിപ്പോയില്ലേയച്ചാ. അച്ചന്റെ ഒപ്പീസും കൊള്ളാം ഒപ്പീരും കൊള്ളാം” കപ്യാരച്ചൻ സർട്ടിഫിക്കറ്റും തന്നു.

## ഗിവ് സൈറ്റ് പ്രോജക്റ്റ് വഴി ഒരന്ധന് കാഴ്ച നൽകുക

**എം.ഒ.എസ്.സി. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, പി.ഒ. കാര്യമ്പാടി, വയനാട്, കേരള–673 591, ഫോൺ : 04936–247274, 248034**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആഭിമുഖ്യത്തിൽ മിഷന്റെ ഭരണഘടന അനുസരിച്ച് പ.ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായി മലബാർ മേഖലയിൽ വയനാട് ജില്ലയിൽ 1986 മുതൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന കാ ര്യമ്പാടി കണ്ണാശുപത്രി പ്രദേശവാസികളുടെ കണ്ണും കാഴ്ചയുമായി മലങ്കരസഭയുടെ അഭിമാനമായി പരിലസിക്കുന്നു. ചികിത്സ തേടുവാൻ മാർഗ്ഗമില്ലാതെ വിഷമിക്കുന്നവർക്ക് എല്ലാവിധ നേത്രചികിത്സയും സൗജന്യമായി നൽകിവരുന്നു. ഗിവ്സൈറ്റ് പദ്ധതിയിലൂടെ 2017 മാർച്ച് വരെ ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിൽ വെച്ചുള്ള ആധുനിക താക്കോൽദ്വാര തിമിര ശസ്ത്രക്രിയ 5904 പേർക്ക് സൗജന്യമായി നടത്തിക്കൊടുക്കുവാൻ സാധിച്ചു. അതുപോലെ 3553 പേർക്ക് സൗജന്യമായി മറ്റു വിവിധ ശസ്ത്രക്രിയകൾ നടത്തുകയുണ്ടായി. വയനാട്ടിലെ ഒരു ഉൾനാടൻ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം ഇതിനകം രണ്ടരകോടി (2.5കോടി) രൂപയുടെ സൗജന്യചികിത്സ നൽകുവാൻ സാധിച്ചത് സുമനസ്സുകളുടെ സഹകരണംകൊണ്ട് മാത്രമാണ്. ഗിവ്സൈറ്റ് പദ്ധതിവഴി ഒരു ശസ്ത്രക്രിയക്ക് 2000/- (രണ്ടായിരം) രൂപ വെച്ച് എത്ര ശസ്ത്രക്രിയവേണമെങ്കിലും താൽപര്യമുള്ളവർക്ക് സ്പോൺസർ ചെയ്യാവുന്നതാണ്. ഓരോ ശസ്ത്രക്രിയയ്ക്കും കൂടുതലായി വേണ്ടിവരുന്ന തുക ആശുപത്രിയുടെ ചുമതലയിൽ കണ്ടെത്തുന്നതാണ്. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. ഇതുവരെ നൽകിയ സഹായങ്ങൾക്ക് ഏവരോടും നന്ദി അറിയിക്കുന്നു.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ SB A/C 0827101010768 നമ്പറിലേക്ക് ബാങ്ക് മുഖേന നേരിട്ടോ തരാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേന അയക്കുന്നവർ ടെലഫോൺ മുഖേനയോ കത്തയച്ചോ വിവരം അറിയിച്ചാൽ രസീത് വേഗത്തിൽ അയച്ചുതരുവാൻ സാധിക്കുമായിരുന്നു. NRI അക്കൗണ്ടിൽനിന്ന് പണം അയക്കുന്നവർ ആശുപത്രിയുടെ FCRA അക്കൗണ്ട് 0827101010684 നമ്പറിലേക്ക് അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം

ചെക്കിലും ഡി.ഡി.യിലും Treasurer, Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് എഴുതി ക്രോസ് ചെയ്ത് അയക്കാൻ ശ്രമിക്കുമല്ലോ.

**ഗവേണിംഗ് ബോർഡിനുവേണ്ടി, സെക്രട്ടറി**

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ**

Mob : 9446733201

# നൂറ്റാണ്ടിന്റെ ഇതിഹാസം

ദുരിതനിർഭരമായ ബാല്യ-കൗമാരം കടന്ന് അസാധാരണമായ ഒരു അഭൗമിക ഇടപെടൽ എന്നോണം അപ്രതീക്ഷിതമായി എത്തിയ അവസരത്തിൽ ഭാരത പോസ്റ്റ് ആന്റ് ടെലഗ്രാഫ് ജോലി ഉപേക്ഷിച്ചു എത്യോപ്യയിൽ അദ്ധ്യാപകനായി പോയ തൃപ്പൂണിത്തുറക്കാരൻ പോൾ വർഗീസ് എന്ന ഇരുപത്തിയഞ്ചുകാരൻ, താൻ പഠിപ്പിച്ചിരുന്ന സ്ക്കൂൾ രാജ്യത്തെ ചക്രവർത്തി ഹൈലി സെലാസി (1892–1975) രാജ്ഞിയുമൊത്ത് സന്ദർശിച്ചപ്പോൾ ഷേക്സ്പിയറുടെ ജൂലിയസ് സീസർ നാടകത്തിന്റെ ഒരു പ്രധാന ഭാഗം എത്യോപ്യൻ ഭാഷയിൽ പരിഭാഷ എഴുതി കലാപരിപാടിയായി അവതരിപ്പിച്ചു.

മാർക്ക് ആന്റണിയുടെ വേഷത്തിൽ പോൾ വർഗീസ് അരങ്ങു തകർത്തു. അനന്തരം എത്യോപ്യൻ ഭാഷയിൽ ചക്രവർത്തിക്ക് നന്ദി പ്രകാശിപ്പിച്ചു അനർഗ്ഗളം പ്രസംഗിച്ചു.

ചക്രവർത്തി പോൾ വർഗീസിനെ അരികിൽ വിളിച്ചു നേരിട്ട് സംസാരിച്ചതിൽ 40 വർഷംകൊണ്ടുപോലും വിദേശികൾ പഠിക്കാത്ത എത്യോപ്യൻ ഭാഷ, അംഹാറിക്, ഒന്നരവർഷംകൊണ്ട് പഠിച്ചു എന്ന് മനസ്സിലാക്കി. എത്യോപ്യൻ ഭാഷയ്ക്ക് ആദ്യമായി വ്യാകരണഗ്രന്ഥം എഴുതിയ ഇന്ത്യൻ അദ്ധ്യാപകൻ എന്നും മനസ്സിലാക്കി. ചക്രവർത്തിയുടെ പ്രധാന കൊട്ടാരത്തോട് ചേർന്ന് നേരിട്ടുള്ള മേൽനോട്ടത്തിൽ നടത്തുന്ന രാജ്യത്തെ ഒന്നാംകിട സ്ക്കൂളിലെ പ്രധാന ഭാഷാ അദ്ധ്യാപകനായി പോളിനെ ഉടനടി നിയമിച്ച് ഉത്തരവായി.

### ആ ബന്ധം സുദൃഢമായി വളർന്നു

പോളിന്റെ കഴിവുകളിൽ വിസ്മയംപൂണ്ട ചക്രവർത്തി, പോളിനെ സ്വന്തം അഡ്വൈസറായി നിയമിക്കുവാൻ പലകുറി സമ്മർദ്ദം ചെലുത്തി. പക്ഷെ പോൾ വിദേശത്തു പഠനം പൂർത്തിയാക്കുന്നതിനു അമേരിക്കയിൽ പോയി.

ചക്രവർത്തി അമേരിക്കയിലും പിന്നീട് ഡൽഹിയിലും കൊച്ചിയിലും പോളിനെ പിന്തുടർന്നുകൊണ്ടേയിരുന്നു (1956). നെഹ്റുവിന്റെ ഓഫീസ് അടക്കം പല പ്രമുഖർ വഴി സ്വാധീനിച്ചു. ഉഗ്രപ്രതാപിയും മഹാപരിശുദ്ധനുമായ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെ ചക്രവർത്തി ഇതിലേക്ക് കോട്ടയത്ത് നേരിട്ടുകണ്ടു. സമ്മർദ്ദം സഹിക്കാതെ പോൾ, ആലുവാ യു.സി.കോളജിലെ അദ്ധ്യാപകവൃത്തി രാജിവെച്ച് ചക്രവർത്തിയുടെ ക്ഷണം സ്വീകരിച്ചു.

നിരവധി വകുപ്പുകളുടെ ചുമതല ചക്രവർത്തി അദ്ദേഹത്തെ ഏൽപ്പിച്ചു. ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവുമായി ചക്രവർത്തി ഒപ്പിട്ട കരാറുകളുടെ പ്രധാന നടത്തിപ്പ് മേൽനോട്ടം പോൾ വർഗീസിനായിരുന്നു.

സ്വന്തം സഹോദരന്റെ മകളെ വിവാഹം ചെയ്യുവാൻ ചക്രവർത്തി പോൾ വർഗീസിനെ നിർബന്ധിച്ചു. അടുപ്പം ഉണ്ടാക്കുന്നതിലേക്ക് ആ പെൺകുട്ടിയെ പോളിന്റെ ഓഫീസിൽ (രാജകൊട്ടാരത്തോട് ചേർന്നുള്ള കൊട്ടാരസമുച്ചയത്തിലെ താമസ - ഓഫീസ് സംവിധാനം) സെക്രട്ടറിയായി നിയമിച്ചു. രാജ്യത്തെ ഏറ്റവും പ്രബല മന്ത്രിയായിരുന്ന ആഭ്യന്തരമന്ത്രി സുന്ദരിയും മിടുക്കിയും വിദേശത്തു പഠിച്ചവളുമായ തന്റെ ഏക മകളുടെ ഫോട്ടോയുമായി പോളിനെ സമീപിച്ചു. വിവാഹത്തിന് നിർബന്ധിച്ചു.

### തന്റെ ജീവിതദൗത്യം അതല്ലെന്നു അറിയിച്ച പോൾ

മറ്റുവഴിക്കുള്ള നിർബന്ധങ്ങൾ ഏറിവന്നപ്പോൾ ഇന്ത്യയിലേക്ക് മടങ്ങി പൗരോഹിത്യം സ്വീകരിച്ചു (1961). പിന്നീട് പൗലോസ് മാർ ഗ്രീഗോറിയോസ് എന്ന മേല്പട്ടനാമത്തിൽ ബിഷപ്പായി അഭിഷിക്തനാക്കപ്പെട്ടു (1975).

സഭയുടെ അഭിമാനമായിത്തീർന്ന ന്യൂഡൽഹി ഭദ്രാസനത്തിന്റെ ആദ്യ അധിപനായി ചുമതലയേറ്റു.

ലോക പ്രശസ്ത സർവ്വകലാശാലകളിൽ പഠനം, ഇൻഡ്യാന, ഒക്‌ലഹോമ, ന്യൂയോർക്ക്, ഓക്സ്ഫഡ് - ജർമ്മനി ഡോക്ടറൽ പഠനം, ലോകപ്രശസ്ത സർവ്വകലാശാലകളുടെ അര ഡസൻ കുറയാത്ത ഡോക്ടറേറ്റ്സ്. കേംബ്രിഡ്ജ് അടക്കം നിരവധി ലോക ഡെലിഗേഷൻസ്.

സംസ്കൃതം അരാമ്യ, എബ്രായ ബിബ്ലിക്കൽ കോയിനെ അടക്കം ഗ്രീക്ക് ഭാഷയുടെ മൂന്നു തലങ്ങൾ, ജർമ്മൻ, ഫ്രഞ്ച്, ഇറ്റാലിയൻ ഉൾപ്പെടെ 20 ലോകഭാഷകളിൽ പ്രാവീണ്യം.

സോവിയറ്റ് യൂണിയൻ, ചെക് റിപ്പബ്ലിക്ക്, ഹങ്കറി, അമേരിക്ക, കാനഡ, യു.കെ. എണ്ണിയാലൊടുങ്ങാത്ത ലോക പുരസ്ക്കാരങ്ങൾ/ഡോക്ടറേറ്റ്സ്, അമേരിക്കൻ സൈക്യാട്രിസ്റ്റ് അസോസിയേഷന്റെ ഓസ്ക്കർ ഫിസ്റ്റർ അവാർഡ്, സോവിയറ്റ് ലാന്റ് അവാർഡ്, കേരളാ ദാർശനിക കോൺഗ്രസ് പ്രസിഡന്റ്, ഭാരത ദാർശനിക കോൺഗ്രസ് പ്രസിഡന്റ്, ലോക ക്രിസ്ത്യൻ കൗൺസിൽ പ്രസിഡന്റ് കേരളാ, സെറാമ്പൂർ സർവ്വകലാശാല സെനറ്റ് അംഗം, കേരളാ സർവ്വകലാശാല പ്രിൻസിപ്പൽ കോൺഫറൻസ് ഡയറക്ടർ

ഡെൻവർ, ഹാർവാഡ്, വൂസ്റ്റർ, പ്രിൻസ്റ്റൺ അടക്കം നിരവധി ലോകസർവ്വകലാശാലകളിൽ വിസിറ്റിംഗ് പ്രൊഫസർ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പാൾ.

### ലോകഭരണാധികാരികളുമായി അടുത്ത ആത്മബന്ധം

മുൻകൂർ അനുമതിയില്ലാതെ ഇന്ദിരാഗാന്ധിയെ സന്ദർശിക്കുന്നതിന് സ്വാതന്ത്ര്യമുണ്ടായിരുന്ന ക്രൈസ്തവ ബിഷപ്പ്. അടിയന്തിരാവസ്ഥകാലത്ത് ഇന്ദിരാഗാന്ധിയെ അദ്ദേഹം യുഎൻ, ഡബ്ല്യുസിസി അടക്കം പിന്തുണച്ചു. എന്നാൽ കെ.കരുണാകരന്റെ പോലീസ് നടപടികളിൽ നേരിട്ടു വിയോജിപ്പ് അറിയിച്ചു. മെത്രാപ്പോലീത്തായെ നോവിച്ചുവിട്ട കരുണാകരന് 30 ദിവസത്തിനകം രാജൻകേസിൽ രാജിവെയ്ക്കേണ്ടിവന്നു.

### ലോക മതപാർലമെന്റ്

സ്ഥിരം ക്ഷണിതാവ്. 1893 ഷിക്കാഗോയിലെ വിഖ്യാത സ്വാമി വിവേകാനന്ദ പ്രസംഗം ഓർക്കു. 8000 ആഗോള പ്രതിനിധികൾ ഷിക്കാഗോയിൽ തന്നെ സമ്മേളിച്ച 100-ാം വാർഷിക ആഘോഷ സമ്മേളനത്തിൽ 1993 ഇന്ത്യയിൽനിന്നു പ്രധാന പ്രഭാഷകൻ.

1993-ൽ ഫൗണ്ടേഷൻ ഓഫ് ഹൈ എനർജി ഫിസിക്സ് എന്ന വിഷയത്തിൽ കൊളോൺ സർവ്വകലാശാലയിൽ പ്രഭാഷണത്തിന് പോകവെ ഓക്സ്ഫോർഡിൽനിന്ന് ജർമ്മനിയിലേക്കുള്ള യാത്രാമദ്ധ്യേ വിമാനത്തിൽവെച്ച് പക്ഷാഘാതം ഉണ്ടാവുകയും തിരുമേനിയുടെ ശരീരം ഭാഗീകമായി തളർന്നുപോവുകയും ചെയ്തു.

1996 നവംബർ 24-ന് ന്യൂഡൽഹിയിൽ കാലം ചെയ്യുവോളം ശാരീരിക ബലഹീനത അദ്ദേഹത്തെ അലട്ടിയിരുന്നു. എന്നാൽ ബൗദ്ധിക പ്രവർത്തനങ്ങളും ധിക്ഷണാശക്തിയും ന്യൂനമില്ലാതെ തുടർന്നു.

ബൈബിൾ എഴുതപ്പെട്ട ഒറിജിനൽ (എബ്രായ - കോയിനെ ഗ്രീക്ക് - അരാമിക്ക്) ഭാഷകളിൽനിന്ന് മലയാളത്തിലേക്ക് നേരിട്ടുള്ള തർജ്ജിമയുടെ ചുമതല ഓർത്തഡോക്സ് സഭ അദ്ദേഹത്തെ ഏൽപ്പിച്ചിരുന്നു. അതിന്റെ പ്രാരംഭഘട്ടത്തിലായിരുന്നു അദ്ദേഹത്തിന്റെ അവിചാരിത വിയോഗം.

കത്തോലിക്കാ പ്രൊട്ടസ്റ്റന്റ് വിശ്വാസികളെ രൂക്ഷമായി കൈകാര്യം ചെയ്ത ഏക ഇന്ത്യൻ ബിഷപ്പ് എന്നു മെത്രാപ്പോലീത്തായെ വിശേഷിപ്പിക്കാം. പാശ്ചാത്യ വേദശാസ്ത്രജ്ഞന്മാരെ വിട്ടുവീഴ്ചയില്ലാതെ അദ്ദേഹം വലിച്ചുകീറി.

ആയതിനാൽതന്നെ കിഴക്കിന്റെ ഗ്രിഗറി എന്നു അദ്ദേഹം അറിയപ്പെട്ടു. എഡി 335 -394 കപ്പദോക്യയിലെ വിശ്വവിഖ്യാത സൈദ്ധാന്തിക - പണ്ഡിതൻ നിസ്സയിലെ വിശുദ്ധ ഗ്രിഗറി അദ്ദേഹത്തിന്റെ ആരാധനാപാത്രമായിരുന്നു.

യാക്കോബായ വിഭാഗീയ കലഹങ്ങളിൽ ഓർത്തഡോക്സിന്റെ നെടുംതൂണായി മാർത്തോമ്മൻ സിംഹാസനം കിഴക്കിന്റെ കാതോലിക്കേറ്റ് എന്നീ അടിസ്ഥാന വിഷയങ്ങളിൽ അനിഷേധ്യമായചരിത്ര പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

പാവപ്പെട്ടവർക്കു മാത്രമല്ല ജീവിതദുരിതങ്ങൾ എന്നു പറഞ്ഞ ഏക ക്രൈസ്തവ ഇടയൻ. കമ്മ്യൂണിസ്റ്റുകളുടെ നല്ലകാലത്ത് അതിന്റെ കാലം കഴിഞ്ഞു എന്നു പ്രഖ്യാപിച്ച ദാർശനികൻ.

300 ഭാരത മഹാന്മാരിൽ ഒരാളായി തെരഞ്ഞെടുക്കപ്പെട്ട ഈ മഹാപുരോഹിതൻ (1922–1996) ഭാരത ഓർത്തഡോക്സ് സഭയ്ക്കും ക്രൈസ്തവ സമൂഹത്തിനും വിലമതിക്കാനാകാത്ത രത്നം.

# പള്ളികളിലെ ഓണാഘോഷം

പി.ഒ.പുന്നൂസ് ഹൈദ്രാബാദ്

പുരാതനകാലം മുതലേ സുറിയാനി ക്രിസ്ത്യാനികൾ സ്വന്തം വീടുകളിൽ മാത്രം സദ്യ ഒരുക്കിയും കുട്ടികൾ ചില നാടൻ കളികളിൽ ഏർപ്പെട്ടും ഓണക്കാലം ചെലവഴിക്കുക പതിവായിരുന്നു. കഴിഞ്ഞ രണ്ടു വർഷമായി പരുമല പള്ളിയിൽ പൂക്കളം ഒരുക്കുന്നതായി മനസ്സിലാക്കുന്നുണ്ട്. ഇതിനെ മുൻനിർത്തിക്കൊണ്ട് നമ്മുടെ പല പള്ളികളിലും പൂക്കളം ഒരുക്കിയും തിരുവാതിരകളിച്ചും ഓണസദ്യ ഒരുക്കിയും രംഗത്ത് വന്നിട്ടുണ്ട്. ഇതിനെ ശാശ്വതമായും നിർത്തണമോ വേണ്ടയോ എന്ന് സഭ ഒന്നാകെ വളരെ ഗൗരവത്തോടുകൂടി ചിന്തിക്കേണ്ടിയിരിക്കുന്നു. ഓണത്തിന് പൂക്കളം ഒരുക്കുന്നത് തൃക്കാക്കര അപ്പനെ പൂജിച്ചുകൊണ്ട് മഹാബലിയെ സ്വീകരിക്കുന്ന ഒരു ഹൈന്ദവാചാരമാണ്. തിരുവാതിരകളിയിൽക്കൂടി യുവതികൾ യുവാക്കളെ തങ്ങളിലേക്ക് ആകർഷിക്കുന്നതിനുള്ള ഒരു കലയായിട്ടാണ് കാണുന്നത്.

നമുക്ക് അതിശ്രേഷ്ഠമായ പൂക്കളവും (വി.ത്രോണോസും) മഹാ-ബലിയും (വി. കുർബ്ബാന) ഉണ്ട്. അത് സ്വീകരിക്കുകയും അതിൽ പങ്കുകൊള്ളുകയും ചെയ്യുന്ന പാരമ്പര്യം ആണ് നമുക്കുള്ളത്.

കേരളത്തിൽ 20–25 വർഷം മാത്രം താമസിച്ച് ശിഷ്ടമുള്ള ആയുസ്സ് മുഴുവൻ മറ്റ് സംസ്ഥാനങ്ങളിൽ താമസിക്കുന്നവരാണ് മറുനാടൻ മലയാളികൾ. അവരും അവരുടെ കുട്ടികളും താമസിക്കുന്ന സംസ്ഥാനത്തെ പ്രാദേശിക ഉത്സവങ്ങൾ പള്ളികളിൽ ആഘോഷിക്കുവാൻ താൽപര്യപ്പെട്ടാൽ എങ്ങനെയാണ് നമുക്ക് അതിനെ എതിർക്കാൻ പറ്റുന്നത്. കാരണം ആ സംസ്ഥാനത്തിന്റെ സംരക്ഷണയിലാണ് അവർ താമസിക്കുന്നത്. ഉദാഹരണമായി ആന്ധ്രാപ്രദേശിലെ ഒരു പ്രധാന ഉത്സവം ഗണപതിപൂജയാണ്. പത്തുദിവസം ഗണപതിയുടെ ബിംബം വെച്ച് പൂജിച്ച് സർവ്വരുടെയും പാപങ്ങൾ ഏറ്റുവാങ്ങിയ ബിംബത്തെ വെള്ളത്തിൽ ഒഴുക്കിക്കളയുകയാണ് പതിവ്. പള്ളിയിൽ ഓണം നടത്തുമ്പോൾ ഗണപതിപൂജയ്ക്ക് അനുകൂലമായി ചിന്തിക്കുന്നവർ ഉയർന്നുവന്നേക്കാം. അങ്ങനെയുള്ളവരെ തടയുവാൻ നമുക്ക് എങ്ങനെ കഴിയും. അനതിവിദൂരഭാവിയിൽ നമുക്ക് ഇതൊരു പ്രശ്നമായി തീരാൻ സാധ്യതയുണ്ട്. നമ്മുടെ ചില ഭദ്രാസനാധിപന്മാർ മൗനസമ്മതവും പ്രോത്സാഹനവും നൽകുന്നതായിട്ടാണറിയുന്നത്. നമ്മുടെ ഒരു പള്ളിയിൽ പരുമല തിരുമേനിയുടെ ഭൗതികാവശിഷ്ടത്തിനു മുൻപിൽ പൂക്കളം ഒരുക്കി തിരുവാതിര കളിക്കുന്നത് കാണാൻ സാധിച്ചിട്ടുണ്ട്.

ദാരിദ്ര്യത്തിന്റെ ചെറ്റക്കുടിലിൽനിന്നും നമ്മുടെ സഭാംഗങ്ങളെ ഇന്ന് കാണുന്ന രീതിയിൽ ഐശ്വര്യത്തിലൂടെയും സമ്പൽസമൃദ്ധിയിലൂടെയും ഉയർത്തിയത് നമ്മുടെ സഭയെ നയിച്ച പൂർവ്വപിതാക്കന്മാരുടെ കഠിനമായ വൃതാനുഷ്ഠാനങ്ങളും പ്രാർത്ഥനയും ഒന്നുകൊണ്ടുമാത്രമാണ്. ഇതിന് കളങ്കം വരുത്തുന്ന ഒരു പ്രവർത്തിയും പള്ളിയിൽ നടത്താൻ പാടില്ലാത്തതാണ്.

നമ്മുടെ സഭയ്ക്ക് കൊണ്ടാടുവാൻ പല പെരുന്നാളുകൾ ഉണ്ട്. ഉദാഹരണമായി വി. മാതാവിന്റെ ഓർമ്മകൾ. നമ്മുടെ സഭാസ്ഥാപകനായ മാർ തോമ്മാശ്ലീഹായുടെ ജൂലൈ, ഡിസംബറിലെ ഓർമ്മകൾ, സ്ലീബാ പെരുന്നാൾ, അനവധിയായ പരിശുദ്ധന്മാരുടെ ഓർമ്മകൾ. ഇവയ്ക്കൊന്നിനും വേണ്ടത്ര പ്രാധാന്യം കൊടുക്കാതെയുള്ള ഓണസദ്യയും അതിനോടുചേർന്നുള്ള ഹൈന്ദവാചാരങ്ങളും സഭയെ നാശത്തിന്റെ കുഴിയിലേക്കാണ് നയിക്കുന്നത്. മേൽപറഞ്ഞ നമ്മുടെ പെരുന്നാളുകൾ ഇടദിവസങ്ങളിൽ വരുമ്പോൾ വളരെ ചുരുക്കം ആളുകളുടെ സാന്നിദ്ധ്യത്തിൽ വി. കുർബ്ബാന നടത്തി അതിനെ മറന്നുകളയുകപതിവാണ്. എന്നാൽ ഇതിന് ശേഷം വരുന്ന ഞായറാഴ്ചകളിൽ അതിനെ പെരുന്നാളായാഘോഷിച്ച് ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തി ആത്മീയ ചൈതന്യം ഇടവകകളിൽ സൃഷ്ടിക്കുകയാണ് വേണ്ടത്.

ഇപ്പോൾ പല സംസ്ഥാനക്കാരും വിവാഹബന്ധങ്ങളിൽക്കൂടിയും മറ്റും ചുരുക്കം രീതിയിൽ സഭാംഗങ്ങളായി വരുന്നുണ്ട്. അതുകൊണ്ട് ആ പള്ളിയിൽ ഉള്ളവർ എല്ലാവരും ഓർത്തഡോക്സുകാരാണ്. കേരളക്കാർ ആകണമെന്നില്ല. നമ്മുടെ പള്ളിയിൽ നടത്തുന്ന ഏതാഘോഷവും ഓർത്തഡോക്സ് ആഘോഷമായിട്ടാണ് അറിയപ്പെടുന്നത്. സഭാകേന്ദ്രം ഇടപെട്ട് കല്പനമൂലം സഭയുടെ അഭിപ്രായം അറിയിച്ചാൽ ഇടവകകളിലും മറ്റുമുള്ള അഭിപ്രായവ്യത്യാസങ്ങൾ മാറ്റി സമാധാന അന്തരീക്ഷം സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.

## വി. യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം


**തോമസ്, തിരുവല്ല**

# ബിഷപ്പ് ഡോ. ചാൾസ് ലവീഞ്ഞും പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായും നിധീരിക്കൽ മാണികത്തനാരും ജാത്യൈക്യസംഘവും

ഫാ.ഡോ.എം.ഒ.ജോൺ



പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ്
(1909 ജൂലൈ 11ന് കാലം ചെയ്തു)



ബിഷപ്പ് ഡോ.ചാൾസ് ലവീഞ്ഞ്
(1913 ജൂലൈ 11ന് കാലം ചെയ്തു)



നിധീരിക്കൽ മാണി കത്തനാർ
(1904 ജൂൺ 20ന് കാലംചെയ്തു)

## ആമുഖം

മലങ്കരസഭാചരിത്രത്തിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള മൂന്ന് വ്യക്തികളാണ് മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസിയോസും റോമൻ കത്തോലിക്കാ സഭയുടെ കോട്ടയം വികാരിയേറ്റിന്റെ ബിഷപ്പ് ഡോ.ചാൾസ് ലവീഞ്ഞും നിധീരിക്കൽ മാണി കത്തനാരും. ഇതിൽ ആദ്യത്തെയാൾ യാക്കോബായക്കാരനും രണ്ടാമത്തേയും മൂന്നാമത്തേയും ആളുകൾ റോമൻ കത്തോലിക്കരും.

പുലിക്കോട്ടിൽ ദീവന്നാസിയോസും നിധീരിക്കൽ മാണികത്തനാരും ഇരുസഭകളിലായിരുന്നെങ്കിലും ഒട്ടനവധി കാര്യങ്ങളിൽ ഒരുമിച്ച് സഹകരിച്ചു പ്രവർത്തിച്ചിരുന്നു. ഐക്യത്തോടുകൂടിയുള്ള അവരുടെ ചില പ്രവർത്തനങ്ങളെ അത്ര കണ്ട് പ്രോത്സാഹിപ്പിക്കാതിരുന്നയാളാണ് ബിഷപ്പ് ലവീഞ്ഞ്.

## ഐക്യത്തിനുള്ള ആഗ്രഹം

ഉദയംപേരൂർ സുന്നഹദോസും (1599) അതിനുശേഷമുണ്ടായ കൂനൻകുരിശ് സത്യവും (1653) മലങ്കര നസ്രാണികളെ ഭിന്നിപ്പിച്ചു. അതുവരെ ഒന്നായി നിന്നിരുന്ന സഭ രണ്ടായി പിരിഞ്ഞു. ഒരുവിഭാഗം റോമൻ കത്തോലിക്കാ സഭയോടുള്ള ബന്ധത്തിലും കത്തോലിക്കാമേലദ്ധ്യക്ഷന്മാരുടെ ഭരണത്തിൻകീഴിലുമായി. മറ്റേ വിഭാഗം അന്ത്യോഖ്യൻ സുറിയാനി പാത്രിയർക്കീസുമായുള്ള ബന്ധത്തിലും യാക്കോബായ വിശ്വാസത്തിലുമായി. സഹോദരങ്ങൾ തമ്മിലാണ് ഭിന്നത. വിദേശ സഭാബന്ധം സംബന്ധിച്ചാണ് ഭിന്നത. ഒരു കുടുംബത്തിൽതന്നെ കത്തോലിക്കരും യാക്കോബായക്കാരുമുണ്ടായി. ഇപ്പോൾ ഓർത്തഡോക്സ് യാക്കോബായ ഭിന്നത നിലനിൽക്കുന്നതുപോലെയായിരുന്നു 17ഉം 18ഉം നൂറ്റാണ്ടുകളിലെ കത്തോലിക്കാ യാക്കോബായ/ ഓർത്തഡോക്സ് ഭിന്നതയും ബന്ധവും. സഭാസ്നേഹികളായ പല പിതാക്കന്മാരും ഒട്ടനേക ജനങ്ങളും ഇരുവിഭാഗങ്ങളും തമ്മിലുള്ള സഹകരണവും യോജിപ്പും ആഗ്രഹിച്ചു.

## സഹകരണം

മലങ്കരസഭയുടെ നാനാവിധമായ പുരോഗതി പ്രത്യേകിച്ച് വിദ്യാഭ്യാസപുരോഗതി വളരെയധികം ആഗ്രഹിച്ചു പ്രവർത്തിച്ച ആളായിരുന്നു പുലിക്കോട്ടിൽ ദീവന്നാസിയോസ്. ഇംഗ്ലീഷ് സ്ക്കൂളുകളായും മലയാള സ്ക്കൂളുകളായും 250-ൽ അധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അദ്ദേഹത്തിന്റെ കാലത്ത് ഉണ്ടായി. പുസ്തകങ്ങളും മാസികകളും എന്നുവേണ്ട വർത്തമാനപത്രം വരെ അദ്ദേഹം പ്രസിദ്ധീകരിച്ചു. പുരോഹിതന്മാരുടെയും ജനങ്ങളുടെയും അക്ഷരാഭ്യാസത്തിനും അക്ഷരജ്ഞാനത്തിനും അദ്ദേഹം തന്നാലാവുന്നതെല്ലാം ചെയ്തു. അതേസമയം പുത്തൻകൂർ, പഴയകൂർ എന്നിങ്ങനെ ഭിന്നിച്ചുനിൽക്കുന്ന നസ്രാണി സമൂഹം യോജിച്ചു പ്രവർത്തിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസുമായുള്ള ബന്ധം കൂടുതൽ പ്രയാസകരമാണെന്ന ബോധവും അദ്ദേഹത്തിനുണ്ടായിരുന്നു.

നിധീരിക്കൽ മാണികത്തനാർ റോമൻ കത്തോലിക്കാ സഭയിലെ പ്രമുഖനും പണ്ഡിതനും പ്രഗത്ഭനും ആയ പട്ടക്കാരൻ ആയിരുന്നു. കുറവിലങ്ങാട് നിധീരിക്കൽ കുടുംബാംഗമായിരുന്ന അദ്ദേഹത്തിന്റെ മുഴുവൻ പേര് ഇമ്മാനുവേൽ എബ്രഹാം കത്തനാർ എന്നായിരുന്നു. മംഗലപ്പുഴ സെമിനാരി അദ്ധ്യാപകൻ, കോട്ടയം രൂപതാ വികാരി ജനറൽ, നസ്രാണി ദീപിക പത്രാധിപർ, ഭാഷാപോഷിണിസഭയുടെ ഉപരക്ഷാധികാരി എന്നീ നിലകളിലൊക്കെ പ്രവർത്തിച്ചു. അക്കാലത്തെ വളരെയധികം കത്തോലിക്കരും ചിന്തിച്ചിരുന്നതുപോലെ പുത്തൻകൂർ - പഴയകൂർ വിഭാഗങ്ങളുടെ യോജിപ്പ് അദ്ദേഹവും ആഗ്രഹിച്ചു.

## ജാത്യൈക്യസംഘം

പുത്തൻകൂറ്റുകാരെയും പഴയകൂറ്റുകാരെയും സഹകരിപ്പിക്കുന്നതിനും ചില മേഖലകളിലെങ്കിലും ഒന്നിച്ചുകൂട്ടുന്നതിനും ജോസഫ് മാർ ദീവന്നാസിയോസും നിധീരിക്കൽ മാണികത്തനാരും ചേർന്ന് നസ്രാണി ജാത്യൈക്യസംഘം എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. വിദേശികളും സ്വദേശികളുമായ കത്തോലിക്കരും, യാക്കോബായക്കാരുമായ (അക്കാലത്ത് മലങ്കരസഭ യാക്കോബായ അല്ലെങ്കിൽ പുത്തൻകൂർ എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. ഓർത്തഡോക്സ് എന്ന പദം അധികം പ്രചാരത്തിലുണ്ടായിരുന്നില്ല). അനേകർ ജാത്യൈക്യസംഘത്തെ വളരെ പ്രതീക്ഷയോടെ വീക്ഷിച്ചു. ആലപ്പുഴയുണ്ടായിരുന്ന കൊമേർഷ്യൽ ഏജന്റ് ഹ്യൂക്രാഫൊർട്ട് സായിപ്പും, അദ്ദേഹത്തിന്റെ ഒപ്പമുണ്ടായിരുന്ന ബിസിനസ്സ് പങ്കാളി ഡാറാ സായിപ്പും ജാത്യൈക്യസംഘത്തിന്റെ പ്രവർത്തനങ്ങളെ പിന്തുണച്ചു. ആലപ്പുഴ ഇടവകയിൽ ഇടക്കാലത്ത് സേവനമനുഷ്ഠിച്ച നിധീരിക്കൽ മാണികത്തനാരുമായുള്ള സൗഹൃദംവഴിയാണ് രണ്ടു സായ്പ്പന്മാരും ഈ സംഘടനയെ താൽപര്യത്തോടെ കണ്ടത്. ജാത്യൈക്യസംഘത്തിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ഹ്യൂക്രാഫൊർട്ട് സായ്പ്പിന്റെ മുക്തിയാറായിരുന്ന ഡാറാസായ്പ്പ് അന്നത്തെ വുഡ്ലാന്റ് ബംഗ്ലാവും ഇപ്പോഴത്തെ എം.ഡി.സെമിനാരി, ബസ്സേലിയോസ് കോളജ് തുടങ്ങിയവയും മനോരമതോപ്പും മറ്റും ഉൾക്കൊള്ളുന്ന സ്ഥലം ജാത്യൈക്യസംഘത്തിന്റെ പേർക്ക് 1888-ൽ തീറെഴുതിക്കൊടുത്തു. അന്നെഴുതിയ തീറാധാരം വട്ടിപ്പണക്കേസിൽ ഡി.ഒ.അക്കമായി ഹാജരാക്കിയിരുന്നത് പാറേട്ട് ഉദ്ധരിക്കുന്നുണ്ട്. അതിങ്ങനെയാണ് "1064-മാണ്ട് തുലാമാസം 24-നു പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരുമായ സുറിയാനി ക്രിസ്ത്യാനികളുടെ നസ്രാണി ജാത്യൈക്യസംഘത്തിന്റെ സ്ഥാപകരായ കോട്ടയം മണ്ടപത്തുംവാതുക്കൽ കോട്ടയം പ്രവൃത്തിയിൽ ഗോവിന്ദപുരം കരയിൽ സുറിയാനി സിമ്മനാരിയിൽ താമസിക്കും പള്ളിഭരിപ്പു ക്രിസ്തുമതം 56. വയസ്സായ മൊസ്റ്റ റവറൻഡു മാർ ഡയനീഷ്യസ് മെത്രാപ്പോലീത്താ അവർകൾക്കും ഏറ്റുമാനൂർ മണ്ടപത്തുംവാതുക്കൽ ഏറ്റുമാനൂർ പ്രവൃത്തിയിൽ കുറവിലങ്ങാട്ടുപള്ളിയിൽ താമസിക്കും 47 വയസ്സായ റവറണ്ടു ഫാദർ ഇമ്മാനുവേൽ എബ്രഹാം നിഡിയിരി അവർകൾക്കും കൂടെ ആലപ്പുഴ കൊമെർഷ്യൽ ഏജന്റും ഇപ്പോൾ യൂറോപ്പിലെക്കു പോയിരിക്കുന്ന ആളും ആയ മിസ്റ്റർ ഹ്യുക്രാഫൊർട്ടു അവർകളുടെ മുക്തിയാർ നാമാവുകാരനായ ആലപ്പുഴ പ്രവൃത്തിയിൽ ആലപ്പുഴ മുറിയിൽ കടപ്രത്തു പുത്തൻ ബങ്കളാവിൽ താമസിക്കും അമ്മരിക്കൻ കച്ചവടം 62 വയസ്സായ മിസ്റ്റർ ജേമ്സ് ഡാറാ എഴുതികൊടുത്ത തീറാധാരം ആവിത്. ടി ക്രാഫൊർട്ടു അവർകളുടെ വക താഴെ പട്ടികയിൽ പറയുന്ന വസ്തുക്കളും കെട്ടിടങ്ങളും അതിലുള്ള ഈടുമാടുകളും വൃക്ഷങ്ങൾ മുതലായ സകലവും കൂടി 3541-ബ്രിട്ടീഷ് രൂപാ 4 പൈസായ്ക്കു ടി ജാത്യൈക്യസംഘം വകയ്ക്കായി ടി മോസ്റ്റ റവറൻഡ് മാർ ഡയനീഷ്യസ് മെത്രാപ്പോലീത്താ അവർകൾക്കും ടി. റവറൻഡ് ഫാദർ ഇമ്മാനുവൽ എബ്രഹാം നിഡിയരി അവർകൾക്കുംകൂടി ടി. മിസ്റ്റർ ഹ്യൂക്രാഫൊർട്ട് അവർകളുടെ മുക്തിയാർ അധികാരപ്രകാരം 1886 മാർച്ച് 24-നു ഞാൻ തീറുവായി വസ്തുക്കൾ ഒഴിഞ്ഞുതന്ന് ആവകയ്ക്ക് അർത്ഥംപറ്റുവിവരം 1886 മാർച്ച് 24-ാം തീയതി തന്നരൂപാ 500-ഉം ടി.നവംബർ 4-നു തന്ന രൂപാ 557-ഉം ടി.ഡിസംബർ 16-നു തന്നരൂപാ 340-ഉം 1887 മാർച്ച് 2-നു തന്നരൂപാ 2144-ഉം പൈസാ 4, ആകെ പറ്റു രൂപാ3541 പൈസാ 4-ഉം ടി.രൂപാ മൂവായിരത്തി അഞ്ഞൂറ്റി നാൽപത്തിയൊന്ന് രൂപാ പൈസാ നാലും പറ്റിക്കൊണ്ട് ടി.വസ്തുക്കൾ മേൽപറഞ്ഞ പ്രകാരം തീറുതന്നു കൈവശപ്പെടുത്തി തന്നിരിക്കകൊണ്ടു ടി വസ്തുക്കൾ പേരിൽകൂട്ടി കരം തീർത്തു തീറുവക അനുഭവിച്ചുകൊള്ളുന്നതിനു സമ്മതിച്ചിരിക്കുന്നു. ഇതിന്റെ മുൻപ്രമാണങ്ങളും മുക്തിയാർ നാമവും മറ്റു വസ്തുക്കളെക്കൂടി സംബന്ധിച്ചാകയാൽ അവയുടെ പകർപ്പ് ഞാൻ അടയാളം വെച്ചു ഇതു സഹിതം തന്നിരിക്കുന്നു.

ആധാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തുക്കൾ : കോട്ടയത്ത് വുഡ്ലാന്റ് ബങ്കളാവും പറമ്പും; ചെമ്പകശ്ശേരി പുരയിടവും അതിൽ നിൽക്കുന്ന കാപ്പിപ്പുരയും; കുട്ടമലനിലം എട്ടുപറയും ആകുന്നു". ഈ ആധാരം തുലാം 26-ാം തീയതി രജിസ്റ്റർ ചെയ്തു.

## ബിഷപ്പ് ലവീഞ്ഞിന്റെ ആഗമനം

നിധീരിക്കൽ മാണികത്തനാരും ദീവന്നാസിയോസ് മെത്രാപ്പോലീത്തായും ഒന്നിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് കോട്ടയത്തിന്റെ വികാരി അപ്പോസ്തോലിക്കയായി ഡോ.ചാൾസ് ലവീഞ്ഞ് നിയമിതനായി വരുന്നത്. 1888-ൽ കോട്ടയത്തെത്തിയ ഡോ.ലവീഞ്ഞിന് മാന്നാനത്തുവെച്ച് ഒരു അത്യുജ്ജ്വല വരവേൽപ്പുനൽകി. മുപ്പതിനായിരത്തിലധികം ആളുകൾ സ്വീകരണസമ്മേളനത്തിനെത്തിയെന്നാണു പറയുന്നത്. ആ സമ്മേളനത്തിൽവെച്ച് ബിഷപ്പ് ലവീഞ്ഞിന് ഒരു സ്വാഗത മംഗളപത്രം നൽകി. സുറിയാനി ക്രിസ്ത്യാനികളുടെ വിശ്വാസവും, പാരമ്പര്യവും, വിദ്യാഭ്യാസവും വളർത്തുന്നതിന് ഉത്സാഹിക്കണമെന്നായിരുന്നു മംഗളപത്രത്തിലെ പ്രധാന ആവശ്യം. ജാത്യൈക്യസംഘത്തെയും യാക്കോബായക്കാരുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനെയുംകുറിച്ച് മംഗളപത്രത്തിൽ പരാമർശിച്ചിരുന്നു.

അതിൽ പറയുന്നു "സ്വന്തം ബിഷപ്പന്മാരില്ലാതിരുന്നതുകൊണ്ട് ഞങ്ങളുടെ പൂർവ്വീകാചാരാദികൾക്കു കോട്ടവും ഹാനിയും സംഭവിച്ചു. അങ്ങയുടെ ഭരണകാലത്തു അവയെ എല്ലം പൂർവ്വികമായ ഉന്നത നിലയിൽ എത്തിക്കുമെന്നും ഒരു പുതിയ കോളജും അതിനോടു ബന്ധപ്പെട്ട ഇംഗ്ലീഷ് വിദ്യാലയങ്ങളും സ്ഥാപിച്ച് വിദ്യാഭ്യാസ വിഷയത്തിൽ ഇന്നു ഞങ്ങൾക്കുള്ള താണ നിലയിൽനിന്ന് ഉന്നമിപ്പിക്കുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു. ഇതിലേക്കു ഞങ്ങൾ യാക്കോബായക്കാരായ സഹോദരങ്ങളുമായി ചില ധാരണകളിൽ എത്തിയിട്ടുണ്ട്". മംഗളപത്രത്തിനു മറുപടി പറഞ്ഞ ബിഷപ്പ് ലവീഞ്ഞ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഊന്നിപ്പറഞ്ഞെങ്കിലും യാക്കോബായക്കാരുമായുണ്ടാക്കിയ ധാരണയെപ്പറ്റി ഒരക്ഷരംപോലും മിണ്ടിയില്ല.

യാക്കോബായ സഹകരണത്തെ വളരെയധികം സംശയദൃഷ്ടിയോടെയാണ് ഡോ.ലവീഞ്ഞ് കണ്ടതെന്നാണ് മനസ്സിലാകുന്നത്. മാത്രമല്ല പുത്തൻകൂറും പഴയകൂറും ഒന്നുചേർന്നാൽ വീണ്ടും ഒരു കൂനൻകുരിശ് സത്യമോ എതിർപ്പോ ഒക്കെ ഉണ്ടായേക്കാം എന്നും ലവീഞ്ഞ് ഭയപ്പെട്ടിരുന്നിരിക്കണം. അക്കാലത്ത് കോതമംഗലം മുതൽ തക്കലവരെയുള്ള വലിയ അതിരൂപതയായിരുന്നു കോട്ടയം വികാരിയേറ്റ്. എന്നാൽ കോട്ടയത്തു താമസിച്ചു ഭരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനേക്കാൾ അദ്ദേഹം താൽപര്യപ്പെട്ടത് ചങ്ങനാശ്ശേരി കേന്ദ്രമാക്കി പ്രവർത്തിക്കാനാണ്.

നവീകരണക്കാരുമായുള്ള കേസിൽ റോയൽകോടതിവിധിയിലൂടെ അത്യുജ്ജ്വലമായ വിജയം കൈവരിച്ച് മഹാപ്രതാപശാലിയായി ഭരിക്കുന്ന പുലിക്കോട്ടിൽ ദീവന്നാസിയോസിന്റെ ആസ്ഥാനത്തോട് ചേർന്നുവേണ്ട തന്റെ ആസ്ഥാനം എന്ന് ഡോ.ലവീഞ്ഞിനു തോന്നിക്കാണും. അതു മാത്രമല്ല അക്കാലത്ത് കത്തോലിക്കാസഭയ്ക്കുള്ളിലെ ക്നാനായക്കാരും അല്ലാത്തവരും (തെക്കുംഭാഗരും വടക്കുംഭാഗരും)

(ശേഷം പേജ് 5-ൽ)

# മലങ്കരസഭയുടെ പോക്ക് എങ്ങോട്ട്

ജോൺ മാത്യു, കോട്ടയം

ഇക്കഴിഞ്ഞ മലങ്കര അസോസിയേഷൻ യോഗത്തിൽ നടന്ന വൈദിക-അത്മായ ട്രസ്റ്റി തെരഞ്ഞെടുപ്പിനെ ഇടതുപക്ഷ വിജയമായും വലതുപക്ഷ പരാജയമായും ചിലർ പറയുന്നു. സഭാകേസ് സംബന്ധിച്ചുള്ള തീവ്രവാദ നിലപാടുകളുടെ വിജയമായും സഭാസമാധാനവാദികളുടെയും നവോത്ഥാനക്കാരുടെയും പരാജയമായും അതിനെ ചിലർ വ്യാഖ്യാനിക്കുന്നു. സഭാകേസുകളിൽ കോടതിവിധി നടപ്പാക്കുവാൻ മുന്നിട്ടിറങ്ങിയവരുടെ വിജയമായും ഇത് വിലയിരുത്തപ്പെടുന്നു. ഈ തെരഞ്ഞെടുപ്പുഫലങ്ങൾ സഭയ്ക്ക് ഗുണകരമാകുമോ ദോഷകരമാകുമോ എന്ന് രണ്ട് രീതിയിലും ചിന്തിക്കുന്നവരുമുണ്ട്.

അത്മായട്രസ്റ്റി സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട റോണി വർഗീസിന് വൻ ഭൂരിപക്ഷമാണ് ലഭിച്ചത്. അതിൽ ആവേശംകൊള്ളുന്ന ഒരു നല്ല പങ്ക് വൈദികരും വിശ്വാസികളുമുണ്ട്. സുപ്രീംകോടതി വിധി അനുസരിച്ച് ഇപ്പോൾ പാത്രിയർക്കീസ് വിഭാഗത്തിൽ നിൽക്കുന്നതുൾപ്പെടെ മലങ്കരസഭയിലെ പള്ളികളെല്ലാം കാതോലിക്കാ ബാവായുടെ അധികാരത്തിൻകീഴിൽ വരണമെന്നും 1934-ലെ ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടണമെന്നുമാണ് ഏറ്റവും പ്രധാനമായി അവർ ആഗ്രഹിക്കുന്നത്.

2017-ലെ സുപ്രീംകോടതിവിധിക്കു ശേഷം അൻപതിലധികം പള്ളികളിൽ വിധി നടപ്പാക്കി മലങ്കരസഭയുടെ ഭദ്രാസന മെത്രാപ്പോലീത്താ നിയമിക്കുന്ന വികാരിയുടെ ഭരണത്തിൻകീഴിലായി. എന്നാൽ അങ്ങനെ വിധി നടപ്പാക്കപ്പെട്ട പള്ളികളിലെ മഹാഭൂരിപക്ഷം വിശ്വാസികളും പള്ളിയിൽനിന്ന് പുറത്തുപോയി. അതുമാത്രമല്ല അവർ വേറെ പള്ളികൾ നിർമ്മിച്ച് എന്നന്നത്തേക്കുമായി മലങ്കര ഓർത്തഡോക്സ് സഭയിൽനിന്ന് പുറത്തുപോയി. ഇങ്ങനെ എല്ലാ പള്ളികളിലുംവിധി നടപ്പാക്കി 1934-ലെ ഭരണഘടനയ്ക്ക് വിധേയമായി ആ പള്ളികൾ വരണം എന്ന നിലപാടാണ് ഈ വിഭാഗത്തിലുള്ളവരുടെ ചിന്ത. സഭ ആരേയും പുറത്താക്കുന്നില്ല, ആർക്കുവേണമെങ്കിലും 1934-ലെ ഭരണഘടന അനുസരിച്ച് സഭയ്ക്കുള്ളിൽ നിൽക്കാം. അതിന് ആരും തടസ്സം നിൽക്കുന്നില്ല എന്നൊക്കെ പറയുമെങ്കിലും അത് കേട്ട് സഭയിൽനിന്ന് പുറത്തുപോകാതെ സഭയ്ക്കുള്ളിൽതന്നെ നിൽക്കുവാൻ പാത്രിയർക്കീസ് വിഭാഗക്കാർ തയ്യാറാകുന്നില്ല എന്നതാണ് യഥാർത്ഥ വസ്തുത. അത് കാര്യമാക്കേണ്ട, അവർ വന്നുകൊള്ളും അല്ലെങ്കിൽ അവർ പുറത്തുപൊയ്ക്കൊള്ളട്ടെ എന്നാണ് ഇക്കൂട്ടരുടെ നിലപാട്. ആ നിലപാടിന്റെ വിജയമായി ഇപ്പോൾ നടന്ന അസോസിയേഷൻ തെരഞ്ഞെടുപ്പിനെ കാണുന്നവരുണ്ട്.

മലങ്കരസഭയിലെ ബഹുഭൂരിപക്ഷവും ഇത്ര തീവ്രവാദപരമായ നിലപാടിനെ അംഗീകരിക്കുന്നില്ലെങ്കിലും പൊതുവെ അതിനാണ് ഇപ്പോൾ അസോസിയേഷന്റെ അംഗീകാരം ലഭിച്ചിരിക്കുന്നത്. ആ ദിശയിലേക്ക് കാര്യങ്ങൾ നീക്കേണ്ട ഉത്തരവാദിത്വം പുതുതായി സ്ഥാനമേൽക്കുന്നവർക്കുണ്ട്. അത് എത്രമാത്രം സാധിക്കുമെന്നുള്ളത് കണ്ടറിയണം.

പാത്രിയർക്കീസ് വിഭാഗം ഒരു സഭപോലുമല്ല, അവർക്ക് നിലനിൽപ്പില്ല, യാക്കോബായ എന്ന ഒരു സഭയില്ല, അവരുടെ പട്ടക്കാരും മേൽപട്ടക്കാരും വെറും വേഷധാരികളാണ്, മലങ്കരസഭ മാത്രമാണ് ശരിയായ സഭ എന്നൊക്കെയുള്ള അപക്വമായ നിലപാടിന് മലങ്കരസഭയിൽ കുറേനാളുകളായി വ്യാപകമായ പ്രചരണം ലഭിച്ചു. ആ നിലപാട് സ്വീകരിച്ച പുരോഹിതന്മാരുൾപ്പെടെ വളരെയധികം ചെറുപ്പക്കാർ ഇപ്പോൾ സഭയിലുണ്ട്. തീവ്രവാദപരമായ ആ നിലപാടാണ് സഭാസ്നേഹമെന്ന ബോധ്യം അവരുടെ ഉള്ളിലുണ്ടാക്കി. കോടതിവിധിയുടെ പൂർണ്ണ അർത്ഥവും അന്തസത്തയും ഉൾക്കൊള്ളാതെ കോടതി മാത്രമാണ് ശരി എന്ന ബോധ്യം അവരുടെ മനസ്സിലുണ്ടാക്കി. അത് നടപ്പാക്കുവാൻ ഉത്സാഹിക്കുന്നവർ മാത്രമാണ് സഭാസ്നേഹികൾ എന്ന നിലപാടിൽ സഭയെ എത്തിച്ചു. വേറൊന്നും സഭയുടെ പ്രശ്നമായി എങ്ങും അവതരിപ്പിക്കപ്പെടുകയോ ചർച്ച ചെയ്യപ്പെടുകയോ ചെയ്തില്ല. വാസ്തവത്തിൽ സഭ രണ്ടായി വിഭജിക്കപ്പെടുന്നു. ഗണ്യമായ ഒരു വിഭാഗം സഭയ്ക്ക് പുറത്താകുന്നു എന്നതാണ് യഥാർത്ഥത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരുതരത്തിൽ ഇത് വിഭജിച്ച് പിരിയുന്നതിന് തുല്യമാണ്. സ്വത്തുക്കളുടെ വിഭജനം നടക്കുന്നില്ല. പാത്രിയർക്കീസ് വിഭാഗത്തിന് ഒന്നും ലഭിക്കുന്നില്ല. പക്ഷെ പിരിയൽ പൂർണ്ണമാകുന്നു. രണ്ടും രണ്ടാകുന്നു. ഒരു കൂട്ടർക്ക് പള്ളിയും സ്വത്തുക്കളും ലഭിക്കുന്നു. മറ്റേകൂട്ടർ, അവർ ഭൂരിപക്ഷമാണെങ്കിൽപോലും ഒന്നുമില്ലാതെ പുറത്തുപോകുന്നു.

സഭയുടെ ഈ ദിശയിലുള്ള പോക്ക് ശരിയല്ല, സഭയിൽ സമാധാനമുണ്ടാകണം എന്നൊക്കെ ആവശ്യപ്പെട്ടുകൊണ്ട് കാലം ചെയ്ത പ.ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിക്ക് നിവേദനം സമർപ്പിച്ച ഉന്നത വ്യക്തിത്വങ്ങളുടെ ഉടമകളായ ആദരണീയനായ ടി.ജെ.ജോഷ്വാച്ചൻ, കെ.എം.ജോർജ് അച്ചൻ, ഒ.തോമസ് അച്ചൻ, പി.എച്ച്.കുര്യൻ, ജിജി തോംസൺ തുടങ്ങി സമൂഹം ബഹുമാനിക്കുന്നവരെ സഭാദ്രോഹികളായിപോലും ചിത്രീകരിക്കുവാൻ ഇവർ മടിച്ചില്ല. കിട്ടുന്ന വേദികളിലൊക്കെ അവരെ ആക്ഷേപിക്കുവാൻ പലരും ശ്രമിച്ചു. സമാധാനകാംഷികളായ വലിയൊരു വിഭാഗം ആളുകളുടെ അഭിപ്രായമാണ് അവർ പ്രകടിപ്പിച്ചത്. എന്നിട്ടും അവർ ഉന്നയിച്ച പ്രശ്നങ്ങൾ ഒരുവേദിയിലും ചർച്ച ചെയ്യപ്പെട്ടില്ല. അത് തീവ്രവാദനിലപാടുകൾ വളരുവാൻ കാരണമായി. പാത്രിയർക്കീസ് വിഭാഗത്തിന് മഹാഭൂരിപക്ഷമുള്ള കോതമംഗലത്തും, മണർകാട്ടുമൊക്കെ വിധി നടപ്പാക്കുന്നത് പ്രയാസമായിരിക്കുമെന്ന് എം.ഒ.ജോണച്ചൻ അഞ്ചുവർഷങ്ങൾക്കു മുമ്പ് പറഞ്ഞത് മഹാ അപരാദമായി ചിത്രീകരിച്ച് അച്ചനെതിരെ വ്യാപകമായ പ്രചരണം നടത്തി. അച്ചനെ അപമാനിക്കാൻ വരെ ശ്രമിച്ചു. കോതമംഗലത്തും മണർകാട്ടും വിധി നടപ്പാക്കുന്നത് ഇന്നും പ്രയാസമായിതന്നെ നിലനിൽക്കുന്നത് അച്ചൻ പ്രസംഗിച്ചതുകൊണ്ടല്ലല്ലോ.

എതിരാളികളെ അടിച്ചമർത്തി എല്ലാം പിടിച്ചടക്കുകയല്ല സഭയുടെ ദൗത്യമെന്ന് ഉത്തമബോധ്യമുള്ള സമാധാനകാംക്ഷികളായ ഒരു നല്ല വിഭാഗം സഭാംഗങ്ങളുണ്ട്. അവർ ഒരു തരത്തിൽ നിശബ്ദരാകുകയോ നിസംഗത പുലർത്തുകയോ ചെയ്തു. മാന്യമായ രീതിയിലുള്ള ഒരു ഒത്തുതീർപ്പ് ഇടപെടൽ എങ്ങുമുണ്ടാകുന്നില്ല. മലങ്കരസഭയിലെ ഇരുവിഭാഗവും ഇപ്പോഴും ഇരുധ്രുവങ്ങളിൽതന്നെ നിലകൊള്ളുന്നത് ഇരുവിഭാഗത്തിലുമുള്ള തീവ്രവാദികളുടെ വളർച്ചയ്ക്ക് സഹായകരമാകുന്നു.

കോടതിവിധികൾ നടപ്പാക്കുന്നതിനെതിരെ വളരെ ശക്തമായ പ്രതിരോധമാണ് പാത്രിയർക്കീസ് വിഭാഗം സൃഷ്ടിക്കുന്നത്. ഏതെല്ലാം വിധത്തിൽ വിധി നടത്തിപ്പ് തടസ്സപ്പെടുത്താമോ അതിനെല്ലാം അവർ ശ്രമിക്കുന്നു. അതുകൊണ്ടാണ് വിധിനടത്തിപ്പ് ശ്രമകരമാകുന്നതും ഭീമമായ തുക അതിനുവേണ്ടി ചിലവാക്കേണ്ടിവരുന്നതും. 2017-ലെ സുപ്രീംകോടതിവിധിക്കു ശേഷം പത്തുകോടിയിലധികം രൂപാ ഈയിനത്തിൽ മലങ്കരസഭയ്ക്ക് ചിലവാക്കേണ്ടിവന്നിട്ടുണ്ട്. തുടർന്നും അതിന് മാറ്റമുണ്ടാകുമെന്ന് തോന്നുന്നില്ല. അതിനിടെ സർക്കാർ ഭാഗത്തുനിന്നുള്ള ഇടപെടലുകൾ പലതും പാത്രിയർക്കീസ് വിഭാഗത്തിന് അനുകൂലമായി വരുന്നു. സെമിത്തേരി ബില്ല് നടപ്പായതോടെ ശവസംസ്ക്കാരം സംബന്ധിച്ചുള്ള തർക്കങ്ങൾ ഒരളവുവരെ പരിഹരിക്കപ്പെട്ടു. അതിൽ പാത്രിയർക്കീസ് വിഭാഗം സംതൃപ്തരാണ്. ഇനിയും സർക്കാർ ചർച്ച് ആക്റ്റ് പോലെ വേറെ നിയമനിർമ്മാണങ്ങൾ വല്ലതും നടപ്പാക്കുമോ എന്ന ഭീതിയും നിലവിലുണ്ട്. അങ്ങനെ വന്നാൽ സഭയുടെ നില കൂടുതൽ പ്രയാസകരമാകും. അനന്തമായി നീളുന്ന കേസുകൾക്കും വഴക്കുകൾക്കും അത് വീണ്ടും വഴിയൊരുക്കുകയും ചെയ്യും. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് കാത്തിരുന്ന് കാണുകയല്ലാതെ ഇപ്പോഴത്തെ സ്ഥിതിയിൽ വേറെ മാർഗ്ഗമൊന്നുമില്ല.

## ബിഷപ്പ് ഡോ. ചാൾസ് ലവീഞ്ഞും....പേജ് 4–ൽനിന്ന്

തമ്മിൽ കോട്ടയം കേന്ദ്രമായിതന്നെ ശീതസമരം നടക്കുന്നുണ്ടായിരുന്നു. അതിൽനിന്നും ഡോ.ലവീഞ്ഞ് രക്ഷപെടാനാഗ്രഹിച്ചുകാണും.

എന്നിരുന്നാലും ജാത്യൈക്യസംഘം വകയായി ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന ഹൈസ്ക്കൂൾ വ്യവസ്ഥകൾക്കു വിധേയമായി നടത്തുന്നതിനു ഡോ.ലവീഞ്ഞു തയ്യാറായിരുന്നു. ഡോ.ലവീഞ്ഞ് ഉൾപ്പെട്ട ജസ്യൂത്തർ സ്ക്കൂൾ നടത്താൻ മുമ്പോട്ടുവന്നു. അദ്ധ്യാപകരെ നിയമിക്കുന്നതിനും നീക്കുന്നതിനുമുള്ള പൂർണ്ണ അധികാരം തനിയ്ക്കായിരിക്കണം എന്ന് ബിഷപ്പ് ലവീഞ്ഞ് ആവശ്യപ്പെട്ടു. ദീവന്നാസിയോസ് മെത്രാപ്പോലീത്താ അതിനു തയ്യാറായിരുന്നില്ല. ജസ്യൂത്തരാണു സ്ക്കൂൾ നടത്തുന്നതെങ്കിൽ, അതിന്റെ പൂർണ്ണ നിയന്ത്രണം അവർക്കാണെങ്കിൽ അത് ഒരു റോമൻ കത്തോലിക്കാ വിദ്യാലയം ആയിരിക്കുമെന്നറിയാനുള്ള സാമാന്യബുദ്ധി ദീവന്നാസിയോസ് മെത്രാച്ചന് ധാരാളമായുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം വിട്ടുകൊടുക്കാൻ തയ്യാറായില്ല.

### യാക്കോബായ സഹകരണം വേണ്ടെന്നു മാർപാപ്പായുടെ കല്പന

സ്ക്കൂൾ സ്ഥാപനകാര്യങ്ങളോടും സംഘത്തിന്റെ മറ്റു പ്രവർത്തനങ്ങളോടും ബന്ധപ്പെട്ട് ഫാ.നിധീരിയും മറ്റും വുഡ്ലാന്റ് തോപ്പിൽ താമസിക്കുന്നുണ്ടായിരുന്നു. കത്തോലിക്കാ വൈദികർ എല്ലാം അവിടെനിന്നു താമസംമാറ്റാൻ ഡോ.ലവീഞ്ഞ് ആവശ്യപ്പെട്ടു. ഇതിനിടെ യാക്കോബായക്കാരുമായി യോജിച്ചു പള്ളിക്കൂടം നടത്തിക്കൂടാ എന്ന ഒരു കല്പന മാർപാപ്പായിൽനിന്നുവന്നു.

"ജാത്യൈക്യസംഘത്തേയും കൂട്ടുവിദ്യാലയസ്ഥാപനത്തെയും കഠിനമായി വിരോധിക്കുന്ന ഒരു കല്പന പാപ്പായിൽനിന്നു വരികയും...... സ്ഥലത്ത് ഫാ.നിധീരി മുതൽപേർ താമസിച്ചുവന്നതിനെ നിരോധിക്കുകയും ചെയ്തു. അതിനാൽ അവർ സ്ഥലംവിട്ടു......." എന്ന് ഇ.എം.ഫിലിപ്പ് എഴുതിയിട്ടുണ്ട്

പോപ്പിന്റെ കല്പന അനുസരിച്ച്, യാക്കോബായ സുറിയാനിക്കാരുമായി യോജിച്ച് വിദ്യാലയം നടത്തുന്നതിൽനിന്ന് റോമാസുറിയാനിക്കാർ ഒഴിഞ്ഞു. അപ്പോൾ വസ്തുവിന്മേൽ റോമാസുറിയാനിക്കാർക്കുള്ള അവകാശത്തെ മാർ ജോസഫ് ദീവന്നാസിയോസ് സമുദായംവക പണംകൊടുത്തു തീർത്തു. അങ്ങനെ എം.ഡി.സെമിനാരിയും സ്ഥലവും യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ വകയായി തീർന്നു എന്നാണ് 1092 കുംഭം 16-ാം തീയതി സി.ജെ.കുര്യൻ വട്ടിപ്പണകേസിൽ മൊഴികൊടുത്തിരിക്കുന്നത്.

ഒന്നിച്ചു സ്ക്കൂൾ നടത്തുന്ന വിവരം "........ പഴയകൂറ്റുമതത്തിന്റെ പ്രധാന മേലദ്ധ്യക്ഷനായ റോമാപോപ്പ് അവർകൾ അറിഞ്ഞപ്പോൾ ഈ യോജിപ്പിനെ പബ്ലിക്കായി വിരോധിക്കുകയും ആ വിരോധത്തെ നിരസിക്കുന്നവരെ കഠിനശിക്ഷയ്ക്കു പാത്രമാക്കിതീർക്കുകയും ചെയ്കയാൽ യോജിപ്പ് അസദ്ധ്യമായിതീർന്നിരിക്കുന്നു എന്നും ഉദ്ദേശ സാധ്യത്തിനു ശ്രമിക്കപോലും ചെയ്വാൻ പാടില്ലാതെയായിരിക്കുന്നു എന്നും നമ്മെ ഗ്രഹിപ്പിച്ച മാണി കത്തനാർ പിന്മാറുകയും സകല സ്വത്തുക്കളും നമ്മുടെ സ്വന്ത അധീനത്തിൽ ആകുകയും ചെയ്തു.........

പ്രസ്താവ വസ്തുക്കളുടെ തീറർത്ഥം വകയിൽ ഏറിയഭാഗവും കടംവാങ്ങി അടച്ച ശേഷം മാണി കത്തനാർ പിന്മാറുകയാൽ താൻ തനിച്ചു വീട്ടിയതു കൂടാതെ നാംതന്നെ അധികചെലവുചെയ്തു മുൻ ആരംഭിച്ച പള്ളിക്കൂടം പണിക്കുറ്റം തീർത്തു പഠിത്വം നട നടത്തിച്ചുവരികയും ചെയ്യുന്നതാകുന്നു......" എന്ന് ദീവന്നാസിയോസ് മെത്രാപ്പോലീത്താ വുഡ്ലാന്റ് കേസിൽ സമർപ്പിച്ച പത്രികയിൽ പറയുന്നു.

### ഉപസംഹാരം

കോട്ടയത്തുനിന്ന് ചങ്ങനാശ്ശേരിയിലേക്ക് താമസം മാറ്റിയ ഡോ.ലവീഞ്ഞ് 1891ൽ അവിടെ എസ്.ബി. ഹൈസ്ക്കൂൾ സ്ഥാപിച്ചു. വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകിയ മൂന്നു പിതാക്കന്മാരും നൂറു വർഷത്തിനു മുമ്പ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞെങ്കിലും കേരള സമൂഹത്തിന് അവർ ചെയ്ത സേവനങ്ങൾ അനശ്വരമായി പ്രശോഭിക്കുന്നു. അതേസമയം അവർ ഉന്നയിച്ച ചില ചോദ്യങ്ങൾ ഉത്തരമില്ലാതെ ഇന്നും നിലനിൽക്കുന്നു.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

താമസിച്ചതിന് ക്ഷമാപണം

**ഒരു വിശ്വാസി**

Vol. 28 Issue 20
Augest 15

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.KERMAL/1994/1599
REGISTERED No. KL/KTM/ 40/ 2021-2023

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 23/2021-23

## വെബ് പേജിൽനിന്ന്

*സാമൂഹ്യമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള ചില പോസ്റ്റുകളാണ് ഈ പംക്തിയിൽ വാട്സ്ആപ്പും ഫെയ്സ്ബുക്കും ഒന്നുമില്ലാത്തവരുടെ അറിവിനുവേണ്ടി പുനപ്രസിദ്ധീകരിക്കുന്നത്. അവയുടെ ഉള്ളടക്കം സംബന്ധിച്ച് മലങ്കരസഭാദീപത്തിന് ഒരുത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.*

## നമ്മുടെ ഇഷ്ടങ്ങൾക്കുവേണ്ടി ജീവിക്കുക

ഒരിക്കൽ ഒരു സന്യാസി തന്റെ പ്രസംഗത്തിന് ഇടയ്ക്ക് ഒരു ഗ്ലാസ്സ് വെള്ളം ഉയർത്തി കാണിച്ചുകൊണ്ടു ചോദിച്ചു, ഇതിന് എത്ര ഭാരമുണ്ട്.

സദസ്സിൽനിന്നും പല ഉത്തരങ്ങൾ വന്നു. നൂറുഗ്രാം, ഇരുനൂറുഗ്രാം, അഞ്ഞൂറ് ഗ്രാം എന്നിങ്ങനെ. സന്യാസി പറഞ്ഞു, അല്ല നിങ്ങൾ പറഞ്ഞ ഉത്തരങ്ങൾ തെറ്റാണ്.

സദസ്സിൽനിന്നും ഒരാളെ വിളിച്ചു ആ ഗ്ലാസ്സ് വെള്ളം ഉയർത്തിപ്പിടിക്കാൻ പറഞ്ഞു. സന്യാസി അയാളോട് ചോദിച്ചു എത്ര ഭാരം ഉണ്ട്. അയാൾ പറഞ്ഞു ചെറിയ ഭാരമേയുള്ളു. അയാളോട് അത് അങ്ങനെതന്നെ പിടിക്കാൻ പറഞ്ഞു അദ്ദേഹം പ്രഭാഷണം തുടർന്നു.

ഇടയ്ക്ക് അയാളോട് ചോദിച്ചു, ഇപ്പോൾ എത്ര ഭാരമുണ്ട്.

ഭാരം കൂടുന്നുണ്ട്, അയാൾ പറഞ്ഞു.

അദ്ദേഹം പ്രഭാഷണം തുടർന്നു. ഇടയ്ക്കിടയ്ക്ക് അയാളോട് ഭാരം ചോദിച്ചുകൊണ്ടിരുന്നു. അയാൾക്കു കയ്യിലെ ഗ്ലാസ്സിനു ഭാരം കൂടി കൂടി വന്നു.

പ്രഭാഷണത്തിനിടയ്ക്ക് അയാൾ വിളിച്ചുപറഞ്ഞു ഇപ്പോഴെന്റെ കൈ കഴയ്ക്കുന്നു. എനിക്കിനി ഒരു നിമിഷംപോലും പിടിച്ചുനിൽക്കാൻ കഴിയില്ല, ഗ്ലാസ്സ് താഴെവീണ് പൊട്ടിപ്പോകും.

അദ്ദേഹം പ്രഭാഷണം നിർത്തി അയാളോടത് താഴെവെയ്ക്കാൻ പറഞ്ഞു. എന്നിട്ട് സദസ്സിനോടായി പറഞ്ഞു ആ ഗ്ലാസ്സിനും അതിലെ വെള്ളത്തിന്റെ അളവിനും യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല. പക്ഷെ അത് നിങ്ങൾ കയ്യിൽ വെക്കുംതോറും നിങ്ങൾക്ക് ഭാരം കൂടുതൽ അനുഭവപ്പെട്ടുതുടങ്ങി. അതുപോലെയാണ് നമ്മുടെ പ്രശ്നങ്ങളും. നമ്മുടെ സങ്കടങ്ങളും വിഷമങ്ങളും ദുഃഖങ്ങളും ജേഷ്യവവും നമ്മൾ എത്രനേരം മനസ്സിൽ സൂക്ഷിക്കുന്നുവോ അതിന്റെ ഭാരം കൂടിക്കൊണ്ടേയിരിക്കും. അതുമൂലമുള്ള പ്രശ്നങ്ങൾ നമ്മെ അലട്ടിക്കൊണ്ടേയിരിക്കും.

നമ്മുടെ വിഷമങ്ങളും ദേഷ്യവും മോശം ചിന്തകളും മനസ്സിൽനിന്നും മാറ്റിവെച്ചാൽ അതുമൂലമുള്ള പ്രശ്നങ്ങലും ഇല്ലാതാകും. മനസ്സിനെ ശാന്തമാക്കുക, പ്രശ്നങ്ങൾ ലഘൂകരിക്കപ്പെടും.

പ്രശസ്തമായൊരു വാചകമുണ്ട്. അതിന്റെ ആദ്യഭാഗം ഇങ്ങനെയാണ്.

നിങ്ങളുടെ വിഷമങ്ങൾക്കു ഒരു പ്രതിവിധി ഉണ്ടെങ്കിൽ നിങ്ങൾ വിഷമിച്ചിരിക്കുന്നതു എന്തിനു

വിഷമിച്ചിരിക്കാതെ ആ പ്രതിവിധി നടപ്പാക്കാൻ ശ്രമിക്കുക

അതിന്റെ രണ്ടാം ഭാഗം ഇങ്ങനെയാണ്

നിങ്ങളുടെ വിഷമത്തിന് ഒരു പ്രതിവിധിയും ഇല്ലാത്തതാണെങ്കിൽ നിങ്ങൾ വിഷമിച്ചിരിക്കുന്നതെന്തിന്

ഒരിക്കലും മാറ്റാൻ കഴിയാത്ത കാര്യത്തെക്കുറിച്ച് ആലോചിച്ച് സമയം കളയാതെ അടുത്തകാര്യങ്ങൾ ചെയ്യുക.

വിഷമങ്ങളും ദുഃഖങ്ങളും ഇല്ലാത്തവരായി ആരുമില്ല. പണക്കാരനും പാമരനും എല്ലാം അതുണ്ട്. വിഷമങ്ങളെയും ദുഃഖങ്ങളെയും അതിജീവിക്കുന്നവരാണ് വിജയിക്കുന്നവർ.

ഓർക്കുക നിങ്ങളുടെ മനസ്സിലെ മോശം ചിന്തകളെ മാറ്റിനിർത്താൻ നിങ്ങൾക്ക് മാത്രമെ കഴിയു.

നിങ്ങൾക്ക് നിങ്ങളുടെ മനസ്സിന് മുന്നിൽ വിജയിക്കാൻ കഴിഞ്ഞാൽ ഈ ലോകത്ത് നിങ്ങൾ വിജയിച്ചിരിക്കും. തീർച്ച.

ഞാൻ മരിച്ചുപോയാൽ എല്ലാവരും ഞെട്ടും, കരയും.....

എന്നൊക്കെ നമ്മൾ വിചാരിക്കും. എന്നാൽ ഒന്നും ഉണ്ടാകില്ല....

നമ്മുടെ ജീവിതത്തെപ്പറ്റി ഒന്നു നോക്കാം, നമ്മൾ എന്തോ വലിയ സംഭവമാണെന്നൊക്കെ വിചാരിക്കും. നമ്മളില്ലെങ്കിൽ ഈ ലോകംതന്നെ നിന്നുപോകും എന്നൊക്കെ കരുതും.

എന്നാൽ മനസ്സിലാക്കിക്കോ നമ്മളിവിടുന്ന് അടുത്തനിമിഷം എടുക്കപ്പെട്ടാൽ, നമ്മളറിയുന്ന പകുതിയിലേറെപ്പേർ ഒന്നറിയുകപോലുമില്ല. ചുരുക്കം ചിലരൊക്കെ ചിലപ്പോൾ ഒന്നു പതറിയേക്കാം. നമ്മോടൊട്ടിനിൽക്കുന്ന ചെറിയൊരു പിടി ആളുകൾ കുറച്ചുനാളത്തേക്ക് നമ്മെ ഓർത്തേക്കും. പിന്നീട് അവരും മറക്കും.

അങ്ങനെ നോക്കിയിരിക്കുന്ന ഞൊടിയിൽ ഒട്ടും പ്രതീക്ഷിക്കാതെ ചുമ്മാ അങ്ങ് അടഞ്ഞുപോകുന്ന അദ്ധ്യായങ്ങളാണ് നമ്മളോരോരുത്തരും. നന്ദി പറയാൻപോലും ജീവിതം നമുക്കൊരവസരം തരണമെന്നില്ല.

അലമാരയിൽ എടുക്കാതിരിക്കുന്ന പാത്രത്തിൽ ഒരുതവണയെങ്കിലും വയറുനിറയെ ആഹാരം കഴിക്കുക. എടുക്കാതെ വച്ചിരിക്കുന്ന വസ്ത്രങ്ങളൊക്കെ ഒന്നെടുത്തുടുക്കുക. ഇഷ്ടപ്പെട്ട ഭക്ഷണങ്ങളൊക്കെ ഉണ്ടാക്കി/വാങ്ങി കഴിക്കുക. പേഴ്സിൽ എടുക്കാതെ സൂക്ഷിച്ചുവച്ചിരിക്കുന്ന ആ രണ്ടായിരത്തിന്റെ നോട്ടെടുത്ത് പോയൊരു സിനിമ കാണുകയോ ഇഷ്ടപ്പെട്ടത് വാങ്ങുകയോ ചെയ്യുക.

ആ മുടിയൊക്കെയൊന്ന് വെട്ടി മിനുക്കി ഷാംപൂ ഇട്ടു വിടർത്തി മുറ്റത്തൊരു ചാരുകസേരയിലിരുന്ന് പ്രകൃതിയുടെ നിശബ്ദതയുടെ ഭംഗി ആസ്വദിക്കുക.


ജീവിക്കുക ഓരോ നിമിഷവും, ആരെയും തൃപ്തിപ്പെടുത്താനല്ല മറിച്ച് ഓരോ രാത്രിയും കണ്ണടയ്ക്കുമ്പോൾ ഉറങ്ങാൻ പാകത്തിന് നമ്മൾ നമ്മളായി ജീവിക്കുക. നമ്മളിവിടുന്ന് പോയാൽ ആർക്കും ഒരു നഷ്ടവുമില്ലെന്നു മനസ്സിലാക്കുക

ഡോ.ഡി.ബാബു പോൾ ഐ.എ.എസ്.

മുൻ സംസ്ഥാന ചീഫ് സെക്രട്ടറി

## 37 – ാം ദുക്റോനോ

(31-08-2022)



പാറേട്ട് മാത്യൂസ് മാർ
ഈവാനിയോസ് തിരുമേനി

## സഖറിയാ മാർ സേവേറിയോസിന് സ്വീകരണം

വാകത്താനം : നവാഭിഷിക്തനായ സഖറിയാ മാർ സേവേറിയോസിന് മാതൃദേവാലയമായ പുത്തൻചന്ത സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ സ്വീകരണം നൽകി. അനുമോദന സമ്മേളനം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് അദ്ധ്യക്ഷത വഹിച്ചു. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ, അർമ്മേനിയൻ ഓർത്തഡോക്സ് സഭാ ആർച്ച് ബിഷപ്പ് ബിഷപ്പ് ഹെഗാസൂൻ നജാറിയാൻ, മാത്യു കുഴൽനാടൻ എം.എൽ.എ., ഫാ.ഡോ.എം.പി.ജോർജ്, ഫാ.എൽദോ കുറിയാക്കോസ്, വികാരി ഫാ.അലക്സ് ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

സേവേറിയോസ് തിരുമേനിയുടെ ജന്മനാടായ പുത്തൻചന്തയിൽ അനുമോദന സമ്മേളനം മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അദ്ധ്യക്ഷത വഹിച്ചു. ചീഫ് വിപ്പ് എൻ.ജയരാജ്, ആർച്ചുബിഷപ്പ് ഡോ.തോമസ് മാർ കൂറിലോസ്, മേരിക്കുട്ടി തോമസ്, വാകത്താനം പഞ്ചായത്ത് പ്രസിഡന്റ് റോസമ്മ മത്തായി, ജില്ലാ പഞ്ചായത്ത് അംഗം സുധ കുര്യൻ, സി.എസ്.ഐ. മധ്യകേരളാ മഹായിടവക സെക്രട്ടറി ഫാ.നെൽസൺ ചാക്കോ, എസ്.എൻ.ഡി.പി. യോഗം ചങ്ങനാശ്ശേരി യൂണിയൻ പ്രസിഡന്റ് ഗിരീഷ് കോനാട്ട്, പഞ്ചായത്ത് അംഗങ്ങളായ ഷൈനി അനിൽ, എജി പാറപ്പാട്ട്, ജനറൽ കൺവീനർ കോരസൺ സഖറിയ, മേജർ പി.ഡി.മാത്യു, വിശ്വകർമ്മ മഹാദേവക്ഷേത്രം പ്രസിഡന്റ് കെ.ടി.രാജു ആചാരി എന്നിവർ പ്രസംഗിച്ചു.

## ഈറോഡിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് പുതിയ ദേവാലയം

ഈറോഡ് : മദ്രാസ് ഭദ്രാസനത്തിന്റെ കീഴിൽ പണി ആരംഭിക്കുന്ന സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയുടെ കല്ലിടീൽ കർമ്മം ഭദ്രാസന മെത്രാപ്പോലീത്താ ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് നിർവ്വഹിച്ചു. ആഗസ്റ്റ് 10-ന് നടന്ന ചടങ്ങിൽ ഈറോഡിലെ പരുമലയായി ഈ ദേവാലയം അറിയപ്പെടട്ടെ എന്നും പരുമല തിരുമേനിയുടെ നാമധേയത്തിലുള്ള ദേവാലയം ഈ ദേശത്തിന് അനുഗ്രഹത്തിന് മുഖാന്തിരമായിതീരട്ടെ എന്നും മെത്രാപ്പോലീത്താ ആശംസിച്ചു. ഫാ.തോമസ് ഐസക്, ഫാ.ബിജു മത്തായി പുളിക്കൽ തുടങ്ങിയവർ പങ്കെടുത്തു.

## വി. യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

ഒരു വിശ്വാസി